VOL NO: 10 I ISSUE 25

# നേർപഥം

വാരിക

www.nerpatham.com I mail@nerpatham.com

2026 JUNE 20 I ₹10



## യുഡിഎഫ് മാനിഫെസ്റ്റോയും കേരളത്തിലെ വിദ്യാഭ്യാസ ഭാവിയും

രാജ്യത്തിന്റെ നട്ടെല്ലാണ് വിദ്യാഭ്യാസം. കേരളത്തിലെ പുതിയ സർക്കാരിന്റെ തെരഞ്ഞെടുപ്പ് മാനിഫെസ്റ്റോയിലെ ഏറ്റവും പ്രതീക്ഷ നൽകിയിരുന്ന ഭാഗവും അത് തന്നെയാണ്. നിയുക്ത ഭരണാധികാരികൾക്ക് അത് എത്രത്തോളം പ്രായോഗികമായി നടപ്പിലാക്കാൻ സാധിക്കും, അതിന്റെ സാധ്യത എത്രത്തോളമാണ്? ഒരു നിഷ്പക്ഷ വിശകലനം.

**ഷിഗെല്ലോസിസ്: ജാഗ്രത ആവശ്യമായ ഒരു പകർച്ചവ്യാധി**

**നിലവിളക്ക് 'കൊളുത്തലും' സമസ്തക്കാരുടെ നിലവിളിയും**

**ചുണ്ടിൽ ചായം തേക്കൽ; നേട്ടം ആർക്ക്?**

സി മുഹമ്മദ് അജ്മൽ ● ഡോ. റഫീദ കെ ● ഹനീന ടികെ



دار الحكمة
WISDOM
HOUSE
CALICUT
WISDOM
നിർമാണ പ്രവർത്തനങ്ങൾ ആരംഭിച്ചു.
ഈ നന്മയിൽ താങ്കൾക്കും പങ്കാളിയാകാം.
A/C Name : WISDOM ISLAMIC ORGANIZATION A/C W I C
A/C Number : 924020029882271
IFSC Code : UTIB0001908
BANK : AXIS BANK, Branch : KALLAI ROAD
For more Information:
Phone: 0495 4019437
Mob: +91 9567070031

# 491

# നേർപഥം വാരിക

2026 ജൂൺ 20
1448 മുഹർറം 05
പുസ്തകം 10 / ലക്കം 25

Managing Editor:
**Nasir Balusseri**
Editor:
**Usman Palakkazhi**
Chief Editor:
**Anil Primrose**

Cover:
**Anil**
Design & Layout:
**Musthafa Mannarottil**
Web Editor:
**Haseeb Elayur**

Printed, published & owned by:
**K. Sajjad**
Printed at :
**Sprint Offset Printers, Kozhikode**
Published at :
**Kozhikode - 673 002**






കവർ സ്റ്റോറി




സി മുഹമ്മദ് അജ്മൽ

രാജ്യത്തിന്റെ നട്ടെല്ലാണ് വിദ്യാഭ്യാസം. കേരളത്തിലെ പുതിയ സർക്കാരിന്റെ തെരഞ്ഞെടുപ്പ് മാനിഫെസ്റ്റോയിലെ ഏറ്റവും പ്രതീക്ഷ നൽകിയിരുന്ന ഭാഗവും അത് തന്നെയാണ്. നിയുക്ത ഭരണാധികാരികൾക്ക് അത് എത്രത്തോളം പ്രായോഗികമായി നടപ്പിലാക്കാൻ സാധിക്കും, അതിന്റെ സാധ്യത എത്രത്തോള മാണ്? ഒരു നിഷ്പക്ഷ വിശകലനം.

**05** മുഖമൊഴി
വർധിച്ചുവരുന്ന റോഡപകടങ്ങൾ: കാരണങ്ങളും പ്രതിവിധികളും

**06** ആരോഗ്യപഥം
ഷിഗെല്ലോസിസ്: ജാഗ്രത ആവശ്യമായ ഒരു പകർച്ചവ്യാധി
ഡോ. ജസ്റത്ത്

**16** ലേഖനം
ബുദ്ധിയുടെ പേരിൽ പിഴച്ചുപോയവർ
ശമീർ മദീനി

**18** ലേഖനം
മനുഷ്യരും മൃഗീയസ്വഭാവങ്ങളും
ഇമാം ഇബ്നുൽ ക്വയ്യിം (റഹി)
വിവ: മുഹമ്മദ് സിയാദ് ജുബൈൽ

**20** ക്വുർആൻ ദർശനം -തഫ്സീറുസ്സഅദി
സൂറ:അശ്ശുഅറാഅ്
അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം

**22** നമുക്കുചുറ്റും
മുഹർറം ദുശ്ശകുന മാസമോ?
സയ്യിദ് സഅ്ഫർ സ്വാദിഖ് മദീനി

**26** വിമർശനം
നിലവിളക്ക് 'കൊളുത്തലും' സമസ്തക്കാരുടെ നിലവിളിയും
മൂസ സ്വലാഹി കാര

**30** നമുക്കുചുറ്റും
ചുണ്ടിൽ ചായം തേക്കൽ; നേട്ടം ആർക്ക്?
ഹനീന ടികെ

**31** ലേഖനം
വീട് അനുഗൃഹീതമാകണോ?
അബ്ദു റഊഫ് അൽഹികമി

**34** കാഴ്ച
ഇത്തിരി മനുഷ്യത്വമായിക്കൂടേ?
നസീമ വാടാനപ്പള്ളി



NERPATHAM WEEKLY, PB No: 597, EKP Complex, Kallai Road, Kozhikkode 2, Kerala, India
Ph: 0495 4019437 | Mob: +91 92079 65244 | mail@nerpatham.com | www.nerpatham.com
Facebook: www.facebook.com/nerpatham weekly



# വിസ്ഡം എജ്യുക്കേഷൻ ബോർഡ് 'എക്സലൻസ് സമ്മിറ്റി'ന് പ്രൗഢമായ സമാപനം

**പൊതുവിദ്യാഭ്യാസ - ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി എൻ. ഷംസുദ്ദീൻ ഉദ്ഘാടനം ചെയ്തു.**

ആലത്തിയൂർ: വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ എജ്യുക്കേഷൻ ബോർഡിന്റെ ആഭിമുഖ്യത്തിൽ ദാറുൽ ഖുർആൻ ആലത്തിയൂർ-തിരൂരിൽ വെച്ച് സംഘടിപ്പിച്ച 'എക്സലൻസ് സമ്മിറ്റ്' അറിവു കളുടെയും ആദരവുകളുടെയും വിസ്മയ വേദിയായി മാറി. വിസ്ഡം എജ്യുക്കേഷൻ ബോർഡിനു കീഴിലുള്ള മദ്റസകളിലെ 5,8 ക്ലാസുകളുടെ പൊതുപരീക്ഷയിൽ എല്ലാ വിഷയങ്ങളിലും എപ്ലസ് നേടിയ കുട്ടികളാണ് സമ്മിറ്റിൽ പങ്കെടുത്തത്.

പൊതുവിദ്യാഭ്യാസ, ന്യൂനപക്ഷ ക്ഷേമ, വഖ്ഫ് വകുപ്പ് മന്ത്രിയായി ചുമതലയേറ്റ ശേഷം ആദ്യമായി വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷന്റെ ഔദ്യോഗിക വേദിയിലെത്തിയ ബഹു. മന്ത്രി എൻ. ഷംസുദ്ദീൻ സമ്മിറ്റിന്റെ ഔദ്യോഗിക ഉദ്ഘാടനം നിർവഹിച്ചു. ആധുനിക കാലഘട്ടത്തിലെ വിദ്യാഭ്യാസ മുന്നേറ്റങ്ങളെയും ന്യൂനപക്ഷ ക്ഷേമ പ്രവർത്തനങ്ങളെയും കുറിച്ച് അദ്ദേഹം ഉദ്ഘാടന പ്രസംഗത്തിൽ സംസാരിച്ചു.

വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന പ്രസിഡന്റ് പി.എൻ. അബ്ദുല്ലത്വീഫ് മദനി അധ്യക്ഷത വഹിച്ചു. വിസ്ഡം എജ്യുക്കേഷൻ ബോർഡ് സെക്രട്ടറി എം.കെ. ഇർഫാൻ സ്വലാഹി സ്വാഗതം പറഞ്ഞു.

സമ്മിറ്റിൽ വെച്ച് മദ്റസാ പൊതുപരീക്ഷയിലെ വിജയികൾക്ക് സർട്ടിഫിക്കറ്റും ഉപഹാരങ്ങളും വിതരണം ചെയ്തു. സംസ്ഥാന തല ബുക്ക് റിവ്യൂ മത്സര വിജയികൾക്ക് സർട്ടിഫിക്കറ്റും ക്യാഷ് പ്രൈസും നൽകി.

ചടങ്ങിൽ മുഹമ്മദ് അമീൻ (ഡയറക്ടർ, ദാറുൽ ഖുർആൻ ആലത്തിയൂർ), ഡോ. പി.പി. നസീഫ് (വൈസ് പ്രസിഡന്റ്, വിസ്ഡം യൂത്ത്), മുഹമ്മദ് ബിൻ അലവി (സെക്രട്ടറി, വിസ്ഡം സ്റ്റുഡൻസ്), അബ്ദുല്ലത്വീഫ് സുല്ലമി മാറഞ്ചേരി (പ്രസിഡന്റ്, വിസ്ഡം മലപ്പുറം സൗത്ത് ജില്ല) എന്നിവർ ആശംസകൾ അർപ്പിച്ചു. ഉദ്ഘാടന സെഷന് ശേഷം വിദ്യാർഥികൾക്കായി വൈവിധ്യമാർന്ന പഠന സെഷനുകൾ നടന്നു.

ഒന്നാം സെഷനിൽ ഷംജാസ് കെ. അബ്ബാസ് (മെമ്പർ, വിസ്ഡം എജ്യുക്കേഷൻ ബോർഡ്) 'കാഴ്ച, കാഴ്ചപ്പാട്' എന്ന വിഷയം അവതരിപ്പിച്ചു. സെഷൻ രണ്ടിൽ 'പുതുയുഗ ചിന്തകൾ' എന്ന വിഷയം മൃദുൽ എം. മഹേഷ് അവതരിപ്പിച്ചു.

സമാപന സെഷൻ പി.കെ. നവാസ് എം.എൽ.എ. ഉദ്ഘാടനം ചെയ്തു. ഡോ. മുഹമ്മദ് ഫാരിസ് (മെമ്പർ, വിസ്ഡം എജ്യുക്കേഷൻ ബോർഡ്), പി.കെ. അംജദ് മദനി, മുജീബ് ഒട്ടുമ്മൽ, ഡോ. ഷിയാസ് സ്വലാഹി എന്നിവർ വിവിധ സെഷനുകൾക്ക് നേതൃത്വം നൽകി. ബഹു. മന്ത്രി എൻ. ഷംസുദ്ദീന് പി.എൻ. അബ്ദുല്ലത്വീഫ് മദനിയും പി.കെ. നവാസ് എം.എൽ.എക്ക് നാസിർ ബാലുശ്ശേരിയും സ്നേഹോപഹാരം സമർപ്പിച്ചു.

പുതിയ കാലത്തിന്റെ ചിന്തകളും അറിവുകളും നെഞ്ചേറ്റുവാനും നാളെയുടെ വാഗ്ദാനങ്ങളാകാൻ വിദ്യാർഥികളെ പ്രാപ്തരാക്കുന്നതുമായിരുന്നു ഓരോ സെഷനും. ■

# വർധിച്ചുവരുന്ന റോഡപകടങ്ങൾ: കാരണങ്ങളും പ്രതിവിധികളും

ആധുനിക സമൂഹത്തെ ഏറ്റവും കൂടുതൽ പ്രയാസപ്പെടുത്തുന്ന വലിയൊരു വിപത്താണ് റോഡപകടങ്ങൾ. റോഡപകടങ്ങളിൽ പൊലിയുന്ന ജീവനുകളെക്കുറിച്ചുള്ള വാർത്തകളില്ലാതെ ഒരു പത്രവും ഇന്ന് പുറത്തിറങ്ങുന്നില്ല. ഒരു കുടുംബത്തിന്റെ മുഴുവൻ പ്രതീക്ഷകളാണ് ഓരോ അപകടത്തിലൂടെയും ഇല്ലാതാകുന്നത്.

റോഡപകടങ്ങൾ വർധിക്കുന്നതിന് പിന്നിൽ മനുഷ്യസഹജമായ തെറ്റുകളും സാങ്കേതികവും സാമൂഹികവുമായ പല കാരണങ്ങളുമുണ്ട്. അശ്രദ്ധയും അമിതവേഗതയുമാണ് അതിലൊന്ന്. അമിതവേഗതയും മുൻ-പിൻ നോക്കാതെയുള്ള ഓവർടേക്കിംഗും വലിയ അപകടങ്ങളിലേക്ക് വഴിതെളിക്കുന്നു.

ലഹരിവസ്തുക്കളുടെ ഉപയോഗത്തിനും ഇതിൽ വലിയൊരു പങ്കുണ്ട്. ഒരാൾ മദ്യലഹരിയിൽ അമിത വേഗതയിൽ ലോറിയോടിച്ച് പോകുന്നു. ഒരുപാട് വാഹനങ്ങളിൽ ഇടിച്ചിട്ടും നിർത്താതെ പോയ വാഹനത്തെ ജനങ്ങളും പൊലീസുകാരും തടയുന്നു. ഡ്രൈവറെ ജനങ്ങൾ കൈകാര്യം ചെയ്യുന്നു. ഏതാനും ദിവസം മുമ്പ് സോഷ്യൽ മീഡിയയിൽ അതിന്റെ വീഡിയോ പ്രചരിച്ചിരുന്നു. മദ്യപിച്ചും മറ്റു ലഹരിവസ്തുക്കൾ ഉപയോഗിച്ചും വാഹനമോടിക്കുന്ന ഡ്രൈവർക്ക് സ്വന്തത്തെ പോലും നിയന്ത്രിക്കാനാകില്ല. പിന്നെ എങ്ങനെ വാഹനത്തെ നിയന്ത്രിക്കാൻ കഴിയും? അയാൾ മറ്റു വാഹനങ്ങളിൽ യാത്ര ചെയ്യുന്നവർക്കും കാൽനടയാത്രക്കാർക്കും അപകടം വരുത്തുന്നവനാണ്.

വാഹനമോടിക്കുമ്പോൾ മൊബൈൽ ഫോണിൽ സംസാരിക്കുന്നതും സന്ദേശങ്ങൾ അയക്കുന്നതും ഇന്ന് സർവസാധാരണമായി മാറിയിരിക്കുന്നു. ഒരു നിമിഷത്തെ ശ്രദ്ധക്കുറവ് മതി വലിയൊരു ദുരന്തം ക്ഷണിച്ചുവരുത്താൻ എന്ന് ഇവർ ഓർക്കുന്നില്ല.

കുഴികൾ നിറഞ്ഞ റോഡുകളും അശാസ്ത്രീയമായ റോഡ് നിർമാണവും ആവശ്യത്തിന് തെരുവ് വിളക്കുകളോ സൈൻ ബോർഡുകളോ ഇല്ലാത്തതും അപകടങ്ങളുടെ എണ്ണം കൂട്ടുന്നു. ട്രാഫിക് നിയമങ്ങളെക്കുറിച്ചുള്ള അറിവില്ലായ്മയും അറിഞ്ഞാലും അവ പാലിക്കാതിരിക്കുന്നതും അപകടം ക്ഷണിച്ചുവരുത്തുന്നു. ബ്രേക്ക് കംപ്ലയിന്റ്, ടയറുകളുടെ തേയ്മാനം തുടങ്ങിയവ യഥാസമയം പരിഹരിക്കാതെ വാഹനം നിരത്തിലിറക്കുന്നതും അപകടങ്ങൾക്ക് കാരണമാകുന്നു. ഇങ്ങനെ എണ്ണിപ്പറയാൻ ധാരാളം കാരണങ്ങളുണ്ട്.

ട്രാഫിക് നിയമങ്ങൾ ലംഘിക്കുന്നവർക്കെതിരെ ലൈസൻസ് റദ്ദാക്കുന്നത് ഉൾപ്പെടെയുള്ള കടുത്ത ശിക്ഷാനടപടികൾ സ്വീകരിക്കേണ്ടതുണ്ട്. സ്കൂൾ തലം മുതൽ കുട്ടികൾക്ക് ട്രാഫിക് നിയമങ്ങളെക്കുറിച്ച് കൃത്യമായ ബോധവൽക്കരണം നൽകണം. ഡ്രൈവർമാർക്കായി കൃത്യമായ ഇടവേളകളിൽ കൗൺസിലിംഗ് നൽകുന്നത് നന്നായിരിക്കും.

തകർന്ന റോഡുകൾ സമയബന്ധിതമായി അറ്റകുറ്റപ്പണികൾ തീർക്കുക, അപകടമേഖലകളിൽ കൃത്യമായ സൈൻ ബോർഡുകളും വൺവേ സംവിധാനങ്ങളും സ്ഥാപിക്കുക. എ.ഐ ക്യാമറകൾ, സ്പീഡ് ഗവർണറുകൾ എന്നിവ പരമാവധി പ്രയോജനപ്പെടുത്തി നിയമലംഘകരെ കണ്ടെത്തുകയും വേഗത നിയന്ത്രിക്കുകയും ചെയ്യുക തുടങ്ങിയവയിലൂടെ അപകടങ്ങളുടെ എണ്ണം കുറക്കാനാകും.

'എനിക്ക് ഒരപകടവും സംഭവിക്കില്ല' എന്ന അമിത ആത്മവിശ്വാസം അപകടമാണ്. രാത്രികാലങ്ങളിൽ ഉറക്കം വരുമ്പോൾ വാഹനം നിർത്തി വിശ്രമിക്കാത്ത പക്ഷം അപകടം സംഭവിക്കാൻ സാധ്യത കൂടുതലാണ്. നിയമങ്ങൾകൊണ്ട് മാത്രം മാറ്റം സാധ്യമല്ല. വാഹനം ഉപയോഗിക്കുന്ന ഓരോ വ്യക്തിയുടെയും മനോഭാവത്തിൽ മാറ്റമുണ്ടാകണം. ട്രാഫിക് നിയമങ്ങൾ പാലിക്കുന്നത് പോലീസിനെ പേടിച്ചല്ല, മറിച്ച് സ്വന്തം ജീവന്റെയും മറ്റുള്ളവരുടെ ജീവന്റെയും സുരക്ഷയ്ക്ക് വേണ്ടിയാണെന്ന ബോധം ഓരോരുത്തരിലും ഉണ്ടാകുമ്പോൾ മാത്രമെ നമ്മുടെ റോഡുകൾ സുരക്ഷിതമാകൂ.



രോഗം വരുന്നത് അല്ലാഹുവിന്റെ പരീക്ഷണമാണ്. എന്നാൽ അതിന് ചികിത്സ തേടുക, പ്രാർഥിക്കുക എന്നത് വിശ്വാസികളുടെ നിർബന്ധ ബാധ്യതയാണ്. "അല്ലാഹു ഒരു രോഗവും ഇറക്കിയിട്ടില്ല, അതിന് ശമനവും (മരുന്നും) ഇറക്കിയിട്ടല്ലാതെ"

# ഷിഗെല്ലോസിസ്: ജാഗ്രത ആവശ്യമായ ഒരു പകർച്ചവ്യാധി

ഡോ. റഫീദ കെ.

കേരളത്തിൽ, പ്രത്യേകിച്ച് വടക്കൻ കേരളത്തിലെ ചില പ്രദേശങ്ങളിൽ ഷിഗെല്ലോസിസ് രോഗബാധ റിപ്പോർട്ട് ചെയ്യപ്പെട്ടത് പൊതുജനാരോഗ്യ രംഗത്ത് ആശങ്ക സൃഷ്ടിച്ചിരിക്കുകയാണ്. സംസ്ഥാനത്ത് 126 ഷിഗെല്ല അണുബാധ കേസുകൾ റിപ്പോർട്ട് ചെയ്തതായി ആരോഗ്യവകുപ്പ് അറിയിച്ചിട്ടുണ്ട്. കോഴിക്കോട് ജില്ലയിൽ ഒരു നാലുവയസ്സുകാരി രോഗബാധയെ തുടർന്ന്

**‘ഷിഗെല്ല’ എന്ന ബാക്ടീരിയ മൂലമുണ്ടാകുന്ന, ദഹനവ്യവസ്ഥയുടെ പ്രവർത്തനത്തെ ബാധിക്കുന്ന ഒരു പകർച്ചവ്യാധിയാണ് ഷിഗെല്ലോസിസ്. പ്രധാനമായും മലിനമായ ഭക്ഷണത്തിലൂടെയും വെള്ളത്തിലൂടെയും രോഗബാധിതരുമായുള്ള സമ്പർക്കത്തിലൂടെയും രോഗം പകരുന്നു. കുട്ടികളെയും പ്രതിരോധ ശേഷി കുറവുള്ളവരെയും കൂടുതലായി ബാധിക്കുന്നു. അതിവേഗം പടരാൻ സാധ്യതയുള്ളതിനാൽ സമയോചിതമായ പ്രതിരോധ നടപടികൾ അനിവാര്യമാണ്**

മരണപ്പെട്ടതും രോഗത്തെക്കുറിച്ചുള്ള ആശങ്ക വർധിപ്പിക്കുന്നു. ഇതിനെ തുടർന്ന് ആരോഗ്യവകുപ്പ് നിരീക്ഷണവും പ്രതിരോധ പ്രവർത്തനങ്ങളും ശക്തമാക്കിയിട്ടുണ്ട്.

**എന്താണ് ഷിഗെല്ലോസിസ്?**

‘ഷിഗെല്ല’ എന്ന ബാക്ടീരിയ മൂലമുണ്ടാകുന്ന, ദഹനവ്യവസ്ഥയുടെ പ്രവർത്തനത്തെ ബാധിക്കുന്ന ഒരു പകർച്ചവ്യാധിയാണ് ഷിഗെല്ലോസിസ്. പ്രധാനമായും മലിനമായ ഭക്ഷണത്തിലൂടെയും വെള്ളത്തിലൂടെയും രോഗബാധിതരുമായുള്ള സമ്പർക്കത്തിലൂടെയും രോഗം പകരുന്നു. കുട്ടികളെയും പ്രതിരോധ ശേഷി കുറവുള്ളവരെയും കൂടുതലായി ബാധിക്കുന്നു. അതിവേഗം പടരാൻ സാധ്യതയുള്ളതിനാൽ സമയോചിതമായ പ്രതിരോധ നടപടികൾ അനിവാര്യമാണ്.

**പ്രധാന ലക്ഷണങ്ങൾ**

1. ശക്തമായ വയറുവേദനയും അടിവയറ്റിലെ അസ്വസ്ഥതയും.
2. പനിയും വിറയലും.
3. ഛർദിയും കടുത്ത ക്ഷീണവും.
4. രക്തം കലർന്ന മലവിസർജനം: ഷിഗെല്ല ബാക്ടീരിയകൾ കുടലിന്റെ ആന്തരിക ഭിത്തികളെ നശിപ്പിക്കുന്നത് കൊണ്ടാണ് മലത്തോടൊപ്പം രക്തവും കഫവും പുറത്തേക്ക് വരുന്നത്. ഇതിനെ ‘ബാസിലറി ഡിസന്ററി’ എന്നും വിളിക്കുന്നു.
5. മലമൂത്രവിസർജനത്തിന് ശേഷം വീണ്ടും പോകണമെന്ന തോന്നൽ (Tenesmus).
6. നിർജലീകരണം.

രോഗലക്ഷണങ്ങൾ കണ്ടാലുടൻ വൈദ്യസഹായം തേടേണ്ടതാണ്. ചെറിയ കുട്ടികളിലും പ്രായമായവരിലും നിർജലീകരണത്തിന് സാധ്യത കൂടുതലായതിനാൽ രോഗം ഗുരുതരമാകാൻ സാധ്യത ഏറെയാണ്

**രോഗം എങ്ങനെ പകരുന്നു?**

രോഗബാധിതനായ ഒരാളുടെ മലത്തിലൂടെ പുറന്തള്ളപ്പെടുന്ന ബാക്ടീരിയകൾ മറ്റൊരാളിലേക്ക് എത്തുന്ന ‘ഫീക്കൽ-ഓറൽ’ (Faecal-oral route) വഴിയാണ് രോഗം പകരുന്നത്.

*രോഗവ്യാപനത്തിനുള്ള പ്രധാന കാരണങ്ങൾ:*

- തിളപ്പിക്കാത്ത വെള്ളം കുടിക്കുക.
- മലിനമായ ജലസ്രോതസ്സുകൾ ഉപയോഗിക്കുക.
- ശുചിത്വമില്ലാത്ത ഭക്ഷണം കഴിക്കുക.
- കൈകൾ നന്നായി കഴുകാതിരിക്കുക.
- രോഗബാധിതരുമായി അടുത്ത സമ്പർക്കം.

**ചികിത്സ**

ചികിത്സയുടെ പ്രധാന ലക്ഷ്യം നിർജലീകരണം തടയലാണ്.

ചികിത്സയിൽ ഉൾപ്പെടുന്നത്:

• ധാരാളം വെള്ളവും ORS ലായനിയും നൽകുക. ഉപ്പിട്ട കഞ്ഞിവെള്ളം, നാരങ്ങാവെള്ളം, കരിക്കിൻ വെള്ളം എന്നിവയൊക്കെ നൽകാം

• ഡോക്ടറുടെ നിർദേശപ്രകാരം മരുന്നുകൾ ഉപയോഗിക്കുക. 'സ്വയം ചികിത്സ' അരുത്.

• പോഷകസമൃദ്ധമായ ഭക്ഷണം നൽകുക.

• വിശ്രമം ഉറപ്പാക്കുക.

**പ്രതിരോധ മാർഗങ്ങൾ**

ഷിഗെല്ലോസിസിനെ പ്രതിരോധിക്കുന്നതിൽ വ്യക്തിശുചിത്വത്തിനും പരിസരശുചിത്വത്തിനും വലിയ പങ്കുണ്ട്. നിർദേശങ്ങൾ കർശനമായി പാലിച്ചാൽ വളരെ എളുപ്പത്തിൽ തടയാവുന്ന ഒന്നാണ് ഷിഗെല്ല. അതിനായി താഴെ പറയുന്ന ശീലങ്ങൾ നമ്മുടെ ജീവിതത്തിന്റെ ഭാഗമാക്കണം:

- *തിളപ്പിച്ചാറ്റിയ വെള്ളം മാത്രം:* കുടിക്കാൻ ഉപയോഗിക്കുന്ന വെള്ളം കുറഞ്ഞത് 10 മിനിറ്റെങ്കിലും നന്നായി തിളപ്പിച്ചശേഷം മാത്രം ഉപയോഗിക്കുക. പച്ചവെള്ളവും തിളപ്പിച്ച വെള്ളവും പരസ്പരം കലർത്തരുത്.
- *കൈകൾ കഴുകുക:* ആഹാരം കഴിക്കുന്നതിന് മുമ്പും മലവിസർജനത്തിന് ശേഷവും കൈകൾ സോപ്പുപയോഗിച്ച് 20 സെക്കന്റെങ്കിലും നന്നായി കഴുകുക. കുട്ടികളെയും ഇത് ശീലിപ്പിക്കുക.
- *ഭക്ഷ്യസുരക്ഷ:* പഴകിയതോ തുറന്നുവെച്ചതോ വേവിക്കാത്തതോ ആയ ഭക്ഷണങ്ങൾ പൂർണമായും ഒഴിവാക്കുക. പച്ചക്കറികളും പഴങ്ങളും ഉപയോഗിക്കുന്നതിനു മുമ്പ് നന്നായി കഴുകുക. തുറസ്സായ സ്ഥലങ്ങളിൽനിന്ന് ലഭിക്കുന്ന തുറന്നുവച്ചതും പഴകിയതും വേവിക്കാത്തതുമായ ഭക്ഷണം (മയോണൈസ് പോലുള്ളവ) ഒഴിവാക്കുക
- *കിണറുകൾ ക്ലോറിനേറ്റ് ചെയ്യുക:* സെപ്റ്റിക് ടാങ്കുകളും കിണറുകളും തമ്മിൽ കൃത്യമായ അകലമുണ്ടെന്ന് ഉറപ്പാക്കുക.
- ഐസൊലേഷൻ രോഗലക്ഷണങ്ങൾ ഉള്ളവർ ഒന്നിച്ച് മാറിത്താമസിക്കുകയും അവർക്കായി പ്രത്യേക ശൗചാലയം ഉപയോഗിക്കുകയും ചെയ്യുക. അവർ മറ്റുള്ളവർക്ക് ആഹാരം പാകം ചെയ്യരുത്. അവരുടെ വസ്ത്രം രോഗമില്ലാത്ത ആളുകളുടെതിനൊപ്പം അലക്കരുത്.
- കുട്ടികളുടെ ശുചിത്വ കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കുക. കുഞ്ഞുങ്ങളുടെ ഡയപ്പറുകൾ ശരിയായ വിധത്തിൽ സംസ്കരിക്കുക. ഡയപ്പറുകൾ മാറ്റിയശേഷം കൈകൾ നന്നായി കഴുകുക.
- വിവാഹ സൽക്കാരം പോലെയുള്ള പരിപാടികൾ, കൂൾബാറുകൾ എന്നിവിടങ്ങളിൽ ഉപയോഗി ക്കുന്ന വെള്ളം, ഐസ് എന്നിവ ശുദ്ധമാണെന്ന് ഉറപ്പ് വരുത്തുക.

**ഇസ്‌ലാമിന്റെ നിർദേശങ്ങൾ**

പകർച്ച വ്യാധികൾ പടരുമ്പോൾ ഇസ്‌ലാം നൽകുന്ന ഒന്നാമത്തെ പ്രതിരോധപാഠം ശുചിത്വമാണ്. മുഹമ്മദ് നബി(സ്വ) അരുളി: "ശുചിത്വം വിശ്വാസത്തിന്റെ പകുതിയാകുന്നു" (മുസ്‌ലിം).

"...തീർച്ചയായും അല്ലാഹു പശ്ചാത്തപിക്കുന്നവരെ ഇഷ്ടപ്പെടുന്നു.

**ഒരു പ്രദേശത്ത് രോഗബാധയുണ്ടായാൽ അവിടെയുള്ളവർ പാലിക്കേണ്ട 'ക്വാറന്റൈൻ' (Quarantine) രീതികളെക്കുറിച്ച് ആദ്യമായി ലോകത്തിന് കൃത്യമായ നിർദേശം നൽകിയ മതം ഇസ്‌ലാമാണ്. പ്ലേഗ് പോലുള്ള പകർച്ചവ്യാധികളെക്കുറിച്ച് നബി(സ്വ) അരുളി: "ഒരു പ്രദേശത്ത് പകർച്ചവ്യാധിയുണ്ടെന്ന് നിങ്ങൾ കേട്ടാൽ അങ്ങോട്ട് പ്രവേശിക്കരുത്. നിങ്ങൾ ഉള്ള സ്ഥലത്താണ് അത് പൊട്ടിപ്പുറപ്പെട്ടതെങ്കിൽ അവിടെനിന്ന് നിങ്ങൾ പുറത്ത് പോവുകയുമരുത്" (ബുഖാരി).**

ശുചിത്വം പാലിക്കുന്നവരെയും ഇഷ്ടപ്പെടുന്നു" (ഖുർആൻ 2:222).

കെട്ടിക്കിടക്കുന്ന വെള്ളത്തിൽ മലമൂത്രവിസർജനം നടത്തുന്നത് പ്രവാചകൻ(സ്വ) കർശനമായി വിലക്കിയിട്ടുണ്ട്. പൊതു ജലാശയങ്ങളും കിണറുകളും മലിനമാക്കുന്നത് വലിയെ തെറ്റാണെന്ന് ഇസ്‌ലാം പഠിപ്പിക്കുന്നു.

**രോഗപ്രതിരോധം: പ്രവാചകാധ്യാപനങ്ങൾ**

1. 'ഭക്ഷണത്തിന് മുമ്പും ശേഷവും കൈകൾ കഴുകൽ ഭക്ഷണത്തിൽ ബറകത്ത് (അനുഗ്രഹം) ഉണ്ടാകാൻ കാരണമാകും' (തിർമിദി).
2. 'നിങ്ങൾ പാത്രങ്ങൾ മൂടിവെക്കുക, തോൽപ്പാത്രങ്ങളുടെ വായ കെട്ടിവെക്കുക. കാരണം, വർഷത്തിൽ ഒരു രാത്രിയുണ്ട്, അന്നൊരു പകർച്ചവ്യാധി ഇറങ്ങിവരും. മൂടിവെക്കാത്ത പാത്രങ്ങളിലൂടെ യല്ലാതെ അത് കടന്നുപോകില്ല' (മുസ്‌ലിം).
3. പാത്രത്തിലേക്ക് നേരിട്ട് ശ്വാസം വിടുന്നത് പ്രവാചകൻ വിലക്കിയിട്ടുണ്ട്. വെള്ളം കുടിക്കുമ്പോൾ ഉണ്ടാകുന്ന വായുസഞ്ചാരംവഴി പോലും അണുക്കൾ പടരാതിരിക്കാനുള്ള സൂക്ഷ്മതയാണത്.

ഒരു പ്രദേശത്ത് രോഗബാധയുണ്ടായാൽ അവിടെയുള്ളവർ പാലിക്കേണ്ട 'ക്വാറന്റൈൻ' (Quarantine) രീതികളെക്കുറിച്ച് ആദ്യമായി ലോകത്തിന് കൃത്യമായ നിർദേശം നൽകിയ മതം ഇസ്‌ലാമാണ്. പ്ലേഗ് പോലുള്ള പകർച്ചവ്യാധികളെക്കുറിച്ച് നബി(സ്വ) അരുളി:

"ഒരു പ്രദേശത്ത് പകർച്ചവ്യാധിയുണ്ടെന്ന് നിങ്ങൾ കേട്ടാൽ അങ്ങോട്ട് പ്രവേശിക്കരുത്. നിങ്ങൾ ഉള്ള സ്ഥലത്താണ് അത് പൊട്ടിപ്പുറപ്പെട്ടതെങ്കിൽ അവിടെനിന്ന് നിങ്ങൾ പുറത്ത് പോവുകയുമരുത്" (ബുഖാരി).

രോഗം വരുന്നത് അല്ലാഹുവിന്റെ പരീക്ഷണമാണ്. എന്നാൽ അതിന് ചികിത്സ തേടുക, പ്രാർഥിക്കുക എന്നത് വിശ്വാസികളുടെ നിർബന്ധ ബാധ്യതയാണ്.

"അല്ലാഹു ഒരു രോഗവും ഇറക്കിയിട്ടില്ല, അതിന് ശമനവും (മരുന്നും) ഇറക്കിയിട്ടല്ലാതെ" (ബുഖാരി) എന്നാണ് പ്രവാചക വചനം

വ്യക്തിശുചിത്വത്തിലും പരിസരശുചിത്വത്തിലും കാണിക്കുന്ന ഓരോ ചെറിയ ജാഗ്രതയും ഒരു വിശ്വാസിയെ സംബന്ധിച്ചിടത്തോളം ഇബാദത്താണ് (ആരാധനയാണ്). സ്വശരീരത്തെയും നാടിനെയും രോഗങ്ങളിൽനിന്ന് സംരക്ഷിക്കാൻ മതം പഠിപ്പിച്ച ശുചിത്വ നിയമങ്ങൾ നാം കർശനമായി പാലിക്കേണ്ടതാണ്.



# യുഡിഎഫ് മാനിഫെസ്റ്റോയും കേരളത്തിലെ വിദ്യാഭ്യാസ ഭാവിയും

സി മുഹമ്മദ് അജ്മൽ
: 8124301015

**രാജ്യത്തിന്റെ നട്ടെല്ലാണ് വിദ്യാഭ്യാസം. കേരളത്തിലെ പുതിയ സർക്കാരിന്റെ തെരഞ്ഞെടുപ്പ് മാനിഫെസ്റ്റോയിലെ ഏറ്റവും പ്രതീക്ഷ നൽകിയിരുന്ന ഭാഗവും അത് തന്നെയാണ്. നിയുക്ത ഭരണാധികാരികൾക്ക് അത് എത്രത്തോളം പ്രായോഗികമായി നടപ്പിലാക്കാൻ സാധിക്കും, അതിന്റെ സാധ്യത എത്രത്തോളമാണ്? ഒരു നിഷ്പക്ഷ വിശകലനം.**

പുതിയ സർക്കാർ അധികാരത്തിലേറിയിരിക്കുകയാണ്. വിദ്യാഭ്യാസം, തൊഴിൽ, സാങ്കേതികവിദ്യ മേഖലകളിൽ ഒട്ടനവധി വാഗ്ദാനങ്ങൾ യുഡിഫ് പ്രകടന പത്രികയിൽ ഉണ്ട്. കേരളത്തിലെ പൊതുവിദ്യാഭ്യാസവും ഉന്നതവിദ്യാഭ്യാസവും ഇന്ന് ഒരു വഴിത്തിരിവിലാണ്. എഐ (കൃത്രിമബുദ്ധി), പുതിയ തൊഴിൽലോകം, പരീക്ഷാസംവിധാനങ്ങൾ, കോളേജ് നിലവാരം, ഗവേഷണം, നൈപുണ്യ വിടവ്, തൊഴിൽക്ഷമത- ഇവയെല്ലാം ഇനി 'ഭാവിയിലെ പ്രശ്നങ്ങൾ' അല്ല; ഇന്നത്തെ പ്രശ്നങ്ങളാണ്. ഈ വിഷയങ്ങളിലെ വാഗ്ദാനങ്ങളെയും അവയുടെ

**UDF-ന്റെ വിദ്യാഭ്യാസത്തിലെ എഐ കാഴ്ചപ്പാട് ഗൗരവമുള്ളതാണ്. പക്ഷേ, അധ്യാപകർ, ഇൻഫ്രാസ്ട്രക്ചർ, സ്ഥാപനങ്ങൾ തമ്മിലുള്ള ആവർത്തനം തുടങ്ങിയവ മുന്നിൽ കണ്ട് പരിഹരിച്ച് മുന്നോട്ട് പോയില്ലെങ്കിൽ കോളേജുകളിൽ സൈൻബോർഡുകൾ മാത്രം ബാക്കിയാവും!**

പ്രായോഗികതയെയും വിശകലനം ചെയ്യുന്നതോടൊപ്പം എങ്ങനെ പ്രശ്നങ്ങൾ മറികടന്ന് മുന്നോട്ട് കൊണ്ടുപോകാം എന്ന ചിന്ത പങ്കുവയ്ക്കുക കൂടിയാണ് ഈ ലേഖന പരമ്പരയിലൂടെ ഉദ്ദേശിക്കുന്നത്.

**വിദ്യാഭ്യാസത്തിലെ എഐ**

യുഡിഎഫ് മാനിഫെസ്റ്റോയിൽ വിദ്യാഭ്യാസ മേഖലയിലെ എഐ-യെ കുറിച്ച് വ്യക്തമായ ചില വാഗ്ദാനങ്ങളുണ്ട്. സാധാരണ രാഷ്ട്രീയ രേഖകളിൽ കാണുന്നപോലെ 'സാങ്കേതികവിദ്യ ഉപയോഗിക്കും' എന്ന പൊതുവായ വാചകങ്ങളല്ല ഇവ. പകരം, ചില കൃത്യമായ പ്രതിജ്ഞാബദ്ധതകൾ ഉണ്ട്. അവയിൽ പ്രധാനപ്പെട്ട അഞ്ച് കാര്യങ്ങൾ ഇവയാണ്:

1. KAIR: കേരള എഐ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് എന്ന സംസ്ഥാന ഫണ്ടഡ് എഐ ഗവേഷണ സ്ഥാപനം സ്ഥാപിക്കുക.
2. കേരളത്തിലെ എല്ലാ ആർട്സ് & സയൻസ് കോളേജുകളിലും എഐ വകുപ്പുകൾ തുടങ്ങുക.
3. എല്ലാ യുജി, പിജി വിദ്യാർഥികൾക്കും എഐ സാക്ഷരത നിർബന്ധമാക്കുക; സ്റ്റെം (ശാസ്ത്രം, സാങ്കേതികവിദ്യ, എൻജിനീയറിങ്, ഗണിതം), സ്റ്റെം ഇതര വിദ്യാർഥികൾക്ക് വ്യത്യസ്ത ഘടകങ്ങൾ.
4. എഐ, ക്വാണ്ടം കമ്പ്യൂട്ടിങ്, ബയോടെക്നോളജി തുടങ്ങിയ മേഖലകൾക്കായി ഫ്യൂച്ചർ റെഡിനസ് തിങ്ക് ടാങ്ക് രൂപീകരിക്കുക.
5. മൂല്യനിർണയം, ചോദ്യപ്പേപ്പർ നിർമാണം, പരീക്ഷാമേൽനോട്ടം എന്നിവയിൽ എഐ ഉപയോഗിക്കുക.

കേൾക്കുമ്പോൾ ഇത് വളരെ പ്രതീക്ഷാനിർഭരമാണ്. ഒരു ഇന്ത്യൻ സംസ്ഥാനത്തിന്റെ വിദ്യാഭ്യാസ മാനിഫെസ്റ്റോയിൽ എഐ-യെ കുറിച്ച് ഇങ്ങനെ വിശദമായി പറയുന്നത് സ്വാഗതാർഹവുമാണ്. പക്ഷേ, ചോദ്യം ലക്ഷ്യബോധം ഉണ്ടോ എന്നല്ല; നടപ്പിലാക്കൽ ഉണ്ടാകുമോ എന്നതാണ്.

**മാനിഫെസ്റ്റോയിലെ ആകർഷകമായ കാര്യങ്ങൾ**

ഒന്നാമതായി, സ്റ്റെം/സ്റ്റെം ഇതര വേർതിരിവ് പറഞ്ഞിരിക്കുന്നത് വളരെ പ്രധാനമാണ്. എഐ വിദ്യാഭ്യാസം എന്ന് കേൾക്കുമ്പോൾ പലരും കരുതുന്നത് എല്ലാവരും പൈത്തൺ പഠിക്കണം, ന്യൂറൽ നെറ്റ്‌വർക്ക് പഠിക്കണം, കോഡിങ് പഠിക്കണം എന്നാണ്; അത് തെറ്റായ ധാരണയാണ്.

ഒരു ചരിത്ര വിദ്യാർഥിക്ക് എഐ പഠിക്കേണ്ടത് റഫറൻസ് പരിശോധനയ്ക്കും ഗവേഷണ സമഗ്രതയ്ക്കും വേണ്ടിയാണ്.

ഒരു കൊമേഴ്സ് വിദ്യാർഥിക്ക് എഐ പഠിക്കേണ്ടത് അക്കൗണ്ടിങ്, ഓഡിറ്റ്, സാമ്പത്തിക വിശകലനം എന്നിവ എങ്ങനെ മാറുന്നു എന്ന് മനസ്സിലാക്കാനാണ്.

ഒരു ജേണലിസം വിദ്യാർഥിക്ക് എഐ പഠിക്കേണ്ടത് തെറ്റായ വിവരങ്ങൾ, വ്യാജ ഉള്ളടക്കങ്ങൾ, വസ്തുതാ പരിശോധന എന്നിവയെ നേരിടാനാണ്.

ഒരു സാഹിത്യ വിദ്യാർഥിക്ക് എഐ പഠിക്കേണ്ടത് എഴുത്ത്, സർഗാത്മകത, ധാർമികത എന്നിവയുടെ പുതിയ ചോദ്യങ്ങൾ മനസ്സിലാക്കാനാണ്. എല്ലാവർക്കും ഒരേ എഐ സിലബസ് കൊടുത്താൽ അത് പരാജയപ്പെടും.

അതുകൊണ്ട് സ്റ്റെം, സ്റ്റെം ഇതര വിദ്യാർഥികൾക്ക് വ്യത്യസ്ത ഘടകങ്ങൾ വേണം എന്ന ആശയം വളരെ ശരിയാണ്.

രണ്ടാമതായി, എഐ സാക്ഷരത നിർബന്ധമാക്കുന്നത് ശരിയായ ദിശയാണ് എന്ന കാര്യമാണ്. 2005ൽ കമ്പ്യൂട്ടർ സാക്ഷരത എത്ര പ്രധാനമായി

**വിദ്യാഭ്യാസം, തൊഴിൽ, സാങ്കേതികവിദ്യ മേഖലകളിൽ ഒട്ടനവധി വാഗ്ദാനങ്ങൾ യുഡിഫ് പ്രകടന പത്രികയിൽ ഉണ്ട്. കേരളത്തിലെ പൊതുവിദ്യാഭ്യാസവും ഉന്നതവിദ്യാഭ്യാസവും ഇന്ന് ഒരു വഴിത്തിരിവിലാണ്. എഐ (കൃത്രിമബുദ്ധി), പുതിയ തൊഴിൽലോകം, പരീക്ഷാസംവിധാനങ്ങൾ, കോളേജ് നിലവാരം, ഗവേഷണം, നൈപുണ്യ വിടവ്, തൊഴിൽക്ഷമത- ഇവയെല്ലാം ഇനി 'ഭാവിയിലെ പ്രശ്നങ്ങൾ' അല്ല; ഇന്നത്തെ പ്രശ്നങ്ങളാണ്.**

രുന്നോ, 2026ൽ എഐ സാക്ഷരത അത്രതന്നെ പ്രധാനമാണ്. എഐ ഒരു ഐച്ഛിക വിഷയമായി മാത്രം നിൽക്കാൻ പാടില്ല. കാരണം എഐ ഇനി കമ്പ്യൂട്ടർ സയൻസ് വകുപ്പിന്റെ മാത്രം വിഷയമല്ല. അത് നിയമം, വൈദ്യശാസ്ത്രം, വിദ്യാഭ്യാസം, ബിസിനസ്, മാധ്യമങ്ങൾ, ഭരണം തുടങ്ങി എല്ലാ മേഖലകളിലും കടന്നുകഴിഞ്ഞു. ഇത് കോളേജ് വിദ്യാർഥികളിലേക്ക് മാത്രമല്ല, സ്കൂൾ വിദ്യാർഥികളിലേക്കും കൊണ്ടുവരേണ്ടതുണ്ട്.

മൂന്നാമതായി, എഐ-യെ പരീക്ഷാ സംവിധാനത്തിൽ ഉപയോഗിക്കാമെന്ന ആശയം ഗൗരവമായി പരിഗണിക്കേണ്ടതാണ്.

കേരളത്തിലെ പല സർവകലാശാല പരീക്ഷാ സംവിധാനങ്ങളും ഇന്നും വലിയ പ്രശ്നങ്ങൾ നേരിടുന്നു; ഫലപ്രഖ്യാപനത്തിലെ താമസം, മാനുവൽ മൂല്യനിർണയത്തിലെ അസ്ഥിരത, ചോദ്യപ്പേപ്പർ പ്രശ്നങ്ങൾ, ഭരണപരമായ കാര്യക്ഷമതയില്ലായ്മ പോലുള്ള. ശരിയായി ഉപയോഗിച്ചാൽ എഐ സഹായത്തോടെയുള്ള സംവിധാനങ്ങൾ ഇതിൽ ചില പ്രശ്നങ്ങൾ കുറയ്ക്കാൻ സഹായിക്കും. പക്ഷേ, ഇനിയാണ് ജാഗ്രത വേണ്ടത്. എഐ എന്ന വാക്ക് ചേർത്താൽ മാത്രം സംവിധാനം മെച്ചപ്പെടില്ല. പലപ്പോഴും പഴയ പ്രശ്നങ്ങൾക്ക് മുകളിൽ പുതിയ സാങ്കേതികവിദ്യ ഒട്ടിച്ചാൽ പ്രശ്നം കൂടുതൽ വഷളായേക്കാം. ഈ വാഗ്ദാനങ്ങളുടെ പ്രയോഗികതയെ സംബന്ധിച്ച് ചില കടുത്ത ചോദ്യങ്ങൾ ചോദിക്കട്ടെ:

*1) 600ൽ അധികം കോളേജുകൾക്കുള്ള എഐ അധ്യാപകർ എവിടെനിന്നാണ് വരുന്നത്?*

കേരളത്തിൽ നൂറുകണക്കിന് ആർട്സ് & സയൻസ് കോളേജുകൾ ഉണ്ട്. ഓരോ കോളേജിലും 'എഐ വകുപ്പ്' തുടങ്ങണമെങ്കിൽ യോഗ്യതയുള്ള 3-4 അധ്യാപകരെങ്കിലും വേണം. അങ്ങനെ നോക്കുമ്പോൾ ആയിരക്കണക്കിന് എഐ യോഗ്യതയുള്ള അധ്യാപകർ വേണം. ഇത് വലിയ പ്രശ്നമാണ്. ഇന്ത്യയിൽ തന്നെ എഐ/എംഎൽ മേഖലയിൽ ഗൗരവമുള്ള പിഎച്ച്ഡി ഔട്ട്പുട്ട് പരിമിതമാണ്. ഐഐടികൾ, ഐഐഎസ്സി, മുൻനിര സ്വകാര്യ സർവകലാശാലകൾ, സാങ്കേതിക കമ്പനികൾ- ഇവയൊക്കെ ഈ പ്രതിഭകളെ ഇതിനകം തന്നെ ഉൾക്കൊണ്ടതാണ്. അപ്പോൾ കേരളത്തിലെ എല്ലാ കോളേജുകളിലേക്കും എഐ പ്രൊഫസർമാരെ എങ്ങനെ കണ്ടെത്തും? കെട്ടിടം പണിയാം. ബോർഡ് വെക്കാം. വകുപ്പ് ഉദ്ഘാടനം ചെയ്യാം. പക്ഷേ, എഐ അധ്യാപകരെ ആറുമാസം കൊണ്ട് നിർമിക്കാൻ കഴിയില്ല. ഇതാണ് ഈ വാഗ്ദാനത്തിലെ ഏറ്റവും വലിയ തടസ്സം.

*2) 'എഐ വകുപ്പ്' എന്ന് പറയുമ്പോൾ യഥാർഥത്തിൽ എന്താണ് അർഥമാക്കുന്നത്?* ഇതിൽ വ്യക്തത വേണം. എഐ വകുപ്പ് എന്നത് മൂന്നു രീതിയിൽ അർഥമാക്കാം:

ഒന്ന്: വിദ്യാർഥികളെ എഐ ടൂളുകൾ ഫലപ്രദമായി ഉപയോഗിക്കാൻ പഠിപ്പിക്കുന്ന കേന്ദ്രം.

രണ്ട്: എഐ/എംഎൽ എൻജിനീയറിങ് പഠിപ്പിക്കുന്ന അക്കാദമിക് വകുപ്പ്.

മൂന്ന്: യഥാർഥ എഐ ഗവേഷണം നടത്തുന്ന ഗവേഷണ വകുപ്പ്.

ആർട്സ് & സയൻസ് കോളേജുകളിൽ ആദ്യത്തെ മാതൃകയാണ് ഏറ്റവും പ്രായോഗികം. അതായത് എഐ ടൂൾ സാക്ഷരത, എഐ ധാർമികത, മേഖലയുമായി ബന്ധപ്പെട്ട എഐ പ്രയോഗങ്ങൾ, പ്രോജക്ട് അധിഷ്ഠിത പഠനം. പക്ഷേ, രണ്ടാമത്തെയും മൂന്നാമത്തെ

യും മാതൃക എല്ലാ കോളേജുകളിലും നടപ്പാക്കുക വളരെ ബുദ്ധിമുട്ടാണ്. അതിന് കമ്പ്യൂട്ടിങ് ഇൻഫ്രാസ്ട്രക്ചർ, ഉയർന്ന ഗുണനിലവാരമുള്ള അധ്യാപകർ, ഗവേഷണ ആവാസ വ്യവസ്ഥ, വ്യവസായ ബന്ധങ്ങൾ എന്നിവ വേണം.

**നിർവചനം വ്യക്തമാക്കാതെ മുന്നോട്ടു പോയാൽ എന്ത് സംഭവിക്കും?**

600 കോളേജുകളിൽ 'എഐ ഒരവലോകനം' എന്ന പേരിൽ പഴയ പാഠപുസ്തക വിവരങ്ങൾ പഠിപ്പിക്കുന്ന വകുപ്പുകൾ ഉണ്ടാകും. മാനിഫെസ്റ്റോ വാഗ്ദാനം സാങ്കേതികമായി നടപ്പിലാക്കപ്പെടും. പക്ഷേ, യഥാർഥ പഠന സ്വാധീനം വളരെ കുറവായിരിക്കും.

**1. KAIR എന്ന പുതിയ സ്ഥാപനം വേണമോ?**

KAIR എന്ന പുതിയ സ്ഥാപനം വേണമോ? നിലവിലുള്ള സ്ഥാപനങ്ങളെ ശക്തമാക്കണോ? കേരള എഐ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് എന്ന ആശയം കേൾക്കുമ്പോൾ നല്ലതാണ്. പക്ഷേ, കേരളത്തിൽ ഇതിനകം തന്നെ ഡിജിറ്റൽ യൂണിവേഴ്സിറ്റി, IIITM-K, സി-ഡാക് തിരുവനന്തപുരം, കുസാറ്റ് തുടങ്ങിയ സ്ഥാപനങ്ങൾ ഉണ്ട്.

അപ്പോൾ പുതിയൊരു സ്ഥാപനം തുടങ്ങുന്നതിന് മുമ്പ് ചോദിക്കേണ്ടത്:

- KAIR എന്ത് പ്രശ്നമാണ് പരിഹരിക്കുന്നത്?
- ഇത് നിലവിലുള്ള സ്ഥാപനങ്ങൾക്ക് പൂരകമാകുമോ അതോ അവയോട് മത്സരിക്കുമോ?
- ഇതിന് വ്യക്തമായ അധികാരം ഉണ്ടാകുമോ?
- ബജറ്റ് എവിടെനിന്ന് വരും?
- അധ്യാപകർ/ഗവേഷകർ എവിടെനിന്ന് വരും?




**KAIR എന്ന പുതിയ സ്ഥാപനം വേണമോ? നിലവിലുള്ള സ്ഥാപനങ്ങളെ ശക്തമാക്കണോ? കേരള എഐ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് എന്ന ആശയം കേൾക്കുമ്പോൾ നല്ലതാണ്. പക്ഷേ, കേരളത്തിൽ ഇതിനകം തന്നെ ഡിജിറ്റൽ യൂണിവേഴ്സിറ്റി, IIITM-K, സി-ഡാക് തിരുവനന്തപുരം, കുസാറ്റ് തുടങ്ങിയ സ്ഥാപനങ്ങൾ ഉണ്ട്.**

എന്റെ അഭിപ്രായത്തിൽ, KAIRനെ ഒരു ഒറ്റപ്പെട്ട സ്ഥാപനമായി തുടങ്ങുന്നതിനു പകരം കേരള ഡിജിറ്റൽ യൂണിവേഴ്സിറ്റി ആവാസവ്യവസ്ഥയുടെ അല്ലെങ്കിൽ കുസാറ്റിന്റെ എഐ ഗവേഷണ വിഭാഗമായി രൂപപ്പെടുത്തുന്നതാണ് കൂടുതൽ പ്രായോഗികം. നിലവിലുള്ള ഇൻഫ്രാസ്ട്രക്ചർ, അധ്യാപക ശൃംഖല, ഭരണപരമായ പിന്തുണ എന്നിവ ഉപയോഗിക്കാം. ആവർത്തനം കുറയും. നടപ്പിലാക്കൽ വേഗത്തിലാകും.

**2) കമ്പ്യൂട്ടിങ് ഇൻഫ്രാസ്ട്രക്ചർ വിടവ്**

എഐ പഠനം പവർപോയിന്റ് പ്രസന്റേഷൻ കൊണ്ട് മാത്രം നടക്കില്ല. ഗൗരവമായ എഐ വിദ്യാഭ്യാസത്തിന് ജിപിയു ആക്സസ്,

ക്ലൗഡ് ക്രെഡിറ്റുകൾ, അതിവേഗ ഇന്റർനെറ്റ്, ഡിജിറ്റൽ ലാബുകൾ, ഡാറ്റാസെറ്റുകൾ, പ്രോജക്ട് ഇൻഫ്രാസ്ട്രക്ചർ എന്നിവ വേണം. നമ്മുടെ പല സർക്കാർ കോളേജുകളിലും അടിസ്ഥാന വൈഫൈ പോലും സ്ഥിരമായി ഇല്ലാത്ത അവസ്ഥയുണ്ട്. അപ്പോൾ എല്ലാ കോളേജുകളിലും എഐ വകുപ്പ് തുടങ്ങുന്നതിനു മുമ്പ് അടിസ്ഥാന ഡിജിറ്റൽ ഇൻഫ്രാസ്ട്രക്ചർ ഓഡിറ്റ് നടത്തണം.

- എഐ നയത്തിന് മുമ്പ് ഇന്റർനെറ്റ് നയം വേണം.
- എഐ ലാബിന് മുമ്പ് പ്രവർത്തിക്കുന്ന കമ്പ്യൂട്ടർ ലാബ് വേണം.
- എഐ മൂല്യനിർണയത്തിന് മുമ്പ് ഡിജിറ്റൽ പരീക്ഷാ വർക്ക്ഫ്ളോ വേണം.

**എങ്ങനെ പ്രായോഗികമാക്കാം?**

*ചില നിർദേശങ്ങൾ:*

*1). 600 എഐ വകുപ്പുകൾ വേണ്ട; 10-15 എഐ ഹബുകൾ മതി:*

എല്ലാ കോളേജുകളിലും എഐ വകുപ്പ് തുടങ്ങാൻ ശ്രമിക്കുന്നതിന് പകരം കേരളത്തിൽ 10-15 പ്രാദേശിക എഐ ഹബുകൾ തുടങ്ങണം. ഓരോ ജില്ലയിലും ഒരു ഹബ്. കൊച്ചി, തിരുവനന്തപുരം, കോഴിക്കോട് പോലുള്ള സ്ഥലങ്ങളിൽ അധിക ഹബുകൾ.

ഈ ഹബുകളിൽ പൂർണ ഇൻഫ്രാസ്ട്രക്ചർ വേണം - നല്ല അധ്യാപകർ, ജിപിയു/ക്ലൗഡ് ആക്സസ്, വ്യവസായ പങ്കാളിത്തം, പ്രോജക്ട് ലാബുകൾ, ഗവേഷണ പിന്തുണ.

മറ്റുള്ള കോളേജുകളെ സ്പോക്കുകളായി ബന്ധിപ്പിക്കാം. അതായത് ജില്ലാ ഹബിൽനിന്ന് ഹൈബ്രിഡ്/ഓൺലൈൻ എഐ കോഴ്സുകൾ നൽകാം. പ്രാദേശിക അധ്യാപകർക്ക് ഫെസിലിറ്റേറ്റർമാരായി പ്രവർത്തിക്കാം. ഇത് ഹബ്ബ്-ആൻഡ്-സ്പോക്ക് മാതൃകയാണ്. എല്ലായിടത്തും ശരാശരിയായി പോകുന്നതിനെക്കാൾ, കുറച്ച് സ്ഥലങ്ങളിൽ മികവ് സൃഷ്ടിച്ച് അത് ഡിജിറ്റലായി വ്യാപിപ്പിക്കുക എന്നതാണ് ശരിയായ വഴി.

**യുഡിഎഫ് മാനിഫെസ്റ്റോയിൽ വിദ്യാഭ്യാസ മേഖലയിലെ എഐ-യെ കുറിച്ച് വ്യക്തമായ ചില വാഗ്ദാനങ്ങളുണ്ട്. സാധാരണ രാഷ്ട്രീയ രേഖകളിൽ കാണുന്നപോലെ 'സാങ്കേതികവിദ്യ ഉപയോഗിക്കും' എന്ന പൊതുവായ വാചകങ്ങളല്ല ഇവ. പകരം, ചില കൃത്യമായ പ്രതിജ്ഞാബദ്ധതകൾ ഉണ്ട്.**

*2) എഐ സാക്ഷരത വ്യവസായ മേഖലയുമായി ചേർന്ന് പഠിപ്പിക്കണം:*

എഐ സാക്ഷരത നിർബന്ധമാക്കുമ്പോൾ മുഴുവൻ ഭാരവും അക്കാദമിക് രംഗത്തിനു മേൽ ഇടാൻ പാടില്ല. കേരളത്തിലും ഇതര ഇന്ത്യൻ സംസ്ഥാനങ്ങളിലുള്ള ഐടി കമ്പനികൾ, സ്റ്റാർട്ടപ്പുകൾ, എഐ പ്രൊഫഷണലുകൾ, പ്രൊഡക്ട് ടീമുകൾ, ഡാറ്റാ ശാസ്ത്രജ്ഞർ-ഇവരെ അഡ്ജങ്ക്റ്റ് ഫാക്കൽറ്റി മാതൃകയിൽ കൊണ്ടുവരണം. ടിസിഎസ്, ഇൻഫോസിസ്, യുഎസ്ടി പോലുള്ള കമ്പനികൾക്കുള്ളിൽതന്നെ എഐ പരിശീലന ഘടകങ്ങളുണ്ട്. അവ കോളേജ് വിദ്യാർഥികൾക്ക് വേണ്ടി മാറ്റിയെടുക്കാം.

*3) സ്റ്റെം ഇതര വിദ്യാർഥികൾക്ക് എഐ തിയറിയല്ല, എഐ ഫ്ളൂവൻസിയാണ് വേണ്ടത്:*

ഒരു സോഷ്യോളജി വിദ്യാർഥിക്ക് ബാക്ക്പ്രൊപഗേഷൻ പഠിക്കേണ്ടതില്ല. പക്ഷേ, എഐ നിർമിത ഡാറ്റ വിശ്വസിക്കാമോ എന്ന് തിരിച്ചറിയാൻ അറിയണം. ഒരു ജേണലിസം വിദ്യാർഥിക്ക് ട്രാൻസ്ഫോർമർ ആർക്കിടെക്ചർ അറിയേണ്ടതില്ല. പക്ഷേ, ഡീപ്ഫേക്ക്, തെറ്റായ വിവരങ്ങൾ, എഐ സഹായത്തോടെയുള്ള ഗവേഷണം എന്നിവ കൈകാര്യം ചെയ്യാൻ അറിയണം. ഒരു കൊമേഴ്സ് വിദ്യാർഥിക്ക് ന്യൂറൽ നെറ്റ്വർക്ക് സമവാക്യങ്ങൾ പഠിക്കേണ്ടതില്ല. പക്ഷേ, എഐ ടൂളുകൾ ഉപയോഗിച്ച് സാമ്പത്തിക വിശകലനം, ഓഡിറ്റ് റിസ്ക്, ഡാറ്റാ വിഷ്വലൈസേഷൻ എന്നിവ ചെയ്യാൻ അറിയണം.

എഐ സാക്ഷരത എന്നത് കോഡിങ് സാക്ഷരത മാത്രമല്ല; അത് ടൂൾ ഫ്ളൂവൻസി + വിമർശനാത്മക ചിന്ത + ധാർമികത + മേഖലയിലെ പ്രയോഗം എന്നിവയാണ്.

*4) പരീക്ഷകളിൽ എഐ കൊണ്ടുവരുന്നതിന് മുമ്പ് പരീക്ഷാ സംവിധാനം ഡിജിറ്റൈസ് ചെയ്യണം:*

എഐ സഹായത്തോടെയുള്ള മൂല്യനിർണയം നല്ല ആശയമാണ്. ചോദ്യപ്പേപ്പർ നിർമാണത്തിൽ എഐ ഉപയോഗിക്കാം. പ്ലേജിയറിസം കണ്ടെത്തുന്നതിൽ എഐ സഹായിക്കും. പക്ഷേ, പേപ്പർ അധിഷ്ഠിതവും വിഘടിതവുമായ മാനുവൽ വർക്ക്ഫ്ളോയുടെ മുകളിൽ എഐ കൊണ്ടുവന്നാൽ ഇരട്ടി പണിയാകാനാണ് സാധ്യത!


*ആദ്യം ചെയ്യേണ്ടത്:*

- ഡിജിറ്റൽ ചോദ്യ ബാങ്ക്.
- സുരക്ഷിതമായ ചോദ്യപ്പേപ്പർ നിർമാണ വർക്ക്ഫ്ളോ.
- ഡിജിറ്റൽ മൂല്യനിർണയ പൈപ്പ്ലൈൻ.
- പരീക്ഷാഫല പ്രക്രിയയുടെ ഓട്ടോമേഷൻ.
- പ്ലേജിയറിസം കണ്ടെത്തൽ.
- ഓഡിറ്റ് ട്രയൽ.
- ഡാറ്റാ സംരക്ഷണ ചട്ടക്കൂട്.

ഇവ വന്നതിനുശേഷം എഐ മൂല്യനിർണയം സ്വാഭാവികമായി വരാം.

*5) ടൈംലൈനും മെട്രിക്സും വേണം:*

വാഗ്ദാനം മാത്രം പോരാ. പൊതുജനങ്ങളോടുള്ള ഉത്തരവാദിത്തം വേണം.



*വർഷം 1:* എഐ സാക്ഷരതാ പൈലറ്റ് പ്രോജക്ട് കുറഞ്ഞത് 50 കോളേജുകളിൽ തുടങ്ങണം. KAIR-ന് വ്യക്തമായ അധികാരം, ഡയറക്ടർ, പ്രാഥമിക ബജറ്റ് എന്നിവ വേണം.

*വർഷം 2:* കുറഞ്ഞത് 5 ജില്ലകളിൽ എഐ ഹബ്ബ്-ആൻഡ്-സ്പോക്ക് മാതൃക പ്രവർത്തിക്കണം. സ്റ്റെം/സ്റ്റെം ഇതര ഘടകങ്ങൾ തയ്യാറാകണം.

*വർഷം 3:* എല്ലാ സംസ്ഥാന സർവകലാശാലകളിലും എഐ സാക്ഷരത നിർബന്ധമാക്കണം. കുറഞ്ഞത് 200 വ്യവസായ പ്രൊഫഷണലുകൾ അഡ്ജങ്ക്റ്റ് ഫാക്കൽറ്റി ശൃംഖലയിൽ വരണം.

*വർഷം 5:* കേരളത്തിലെ ഓരോ കോളേജ് ബിരുദധാരിക്കും സാക്ഷ്യപ്പെടുത്തിയ എഐ വൈദഗ്ധ്യം ലഭിക്കണം. എഐ സഹായത്തോടെയുള്ള സംവിധാനങ്ങൾ പരീക്ഷാഫല താമസം കുറയ്ക്കുന്നതിൽ അളക്കാവുന്ന സ്വാധീനം കാണിക്കണം.

UDF-ന്റെ വിദ്യാഭ്യാസത്തിലെ എഐ കാഴ്ചപ്പാട് ഗൗരവമുള്ളതാണ്. പക്ഷേ, അധ്യാപകർ, ഇൻഫ്രാസ്ട്രക്ചർ, സ്ഥാപനങ്ങൾ തമ്മിലുള്ള ആവർത്തനം തുടങ്ങിയവ മുന്നിൽ കണ്ട് പരിഹരിച്ച് മുന്നോട്ട് പോയില്ലെങ്കിൽ കോളേജുകളിൽ സൈൻബോർഡുകൾ മാത്രം ബാക്കിയാവും!

*(തുടരും)*

*(UDF-മാനിഫെസ്റ്റോയിലെ പൊതുവിദ്യാഭ്യാസം, ഉന്നതവിദ്യാഭ്യാസം, പരീക്ഷാ പരിഷ്കരണം, കോളേജ് സ്വയംഭരണം, തൊഴിൽക്ഷമത, ഗവേഷണം, അധ്യാപക പരിശീലനം, നൈപുണ്യ വികസനം തുടങ്ങിയ നിർദേശങ്ങൾ ഓരോന്നായി അടുത്ത കുറിപ്പുകളിൽ പരിശോധിക്കാം).*




# ബുദ്ധിയുടെ പേരിൽ പിഴച്ചുപോയവർ

ശമീർ മദീനി
: 9048 221 212

അല്ലാഹു മനുഷ്യന് നൽകിയ വലിയൊരു അനുഗ്രഹമാണ് ബുദ്ധി. അതില്ലെങ്കിൽ മനുഷ്യൻ മൃഗത്തെക്കാൾ മോശമായ അവസ്ഥയിലാകും. നല്ലതും ചീത്തയും ഉപകാരമുള്ളതും ഉപദ്രവകരമായതുമൊന്നും വേർതിരിച്ചറിയാൻ കഴിയാതെയാകും. കണ്ടുനിൽക്കുന്നവരുടെ കരളലിയിക്കുന്നതും വെറുപ്പുളവാക്കുന്നതുമായ വിധത്തിലുള്ള പലതും ചെയ്യും.

എന്നാൽ ആ വിശേഷബുദ്ധിയെ എല്ലാമെല്ലാമായി കണ്ടുകൊണ്ട് ദിവ്യസന്ദേശങ്ങളെക്കാൾ അതിന് മഹത്ത്വം കൽപിക്കുന്നത് ഏറ്റവും വലിയ നന്ദികേടും വിരോധാഭാസവുമാണ്. ബുദ്ധിയെ ക്രിയാത്മകമായി ഉപയോഗപ്പെടുത്താൻ അടിക്കടി ഉണർത്തിയ വിശുദ്ധ ക്വുർആൻ, ഈ അതിവാദത്തെയും ശക്തമായി എതിർത്തിട്ടുണ്ട്.

ബുദ്ധിയുടെ മറവിൽ ദിവ്യസന്ദേശങ്ങളാകുന്ന വഹ്‌യിനെ അഥവാ ക്വുർആനിക വചനങ്ങളെയും പ്രവാചകാധ്യാപനങ്ങളെയും വിമർശിക്കുകയും പരിഹസിക്കുകയും ചെയ്യുന്നവർ ഏറ്റവും വലിയ വഴികേടിലാണ് അകപ്പെട്ടിട്ടുള്ളത്. അല്ലാഹു പറയുന്നു:

"അല്ലാഹുവും അവന്റെ റസൂലും ഒരു കാര്യത്തിൽ തീരുമാനമെടുത്ത് കഴിഞ്ഞാൽ സത്യവിശ്വാ സിയായ ഒരു പുരുഷന്നാകട്ടെ, സ്ത്രീക്കാകട്ടെ തങ്ങളുടെ കാര്യത്തെ സംബന്ധിച്ച് സ്വതന്ത്രമായ അഭിപ്രായം ഉണ്ടായിരിക്കാവുന്നതല്ല. വല്ലവനും അല്ലാഹുവെയും അവന്റെ ദൂതനെയും ധിക്കരിക്കുന്നപക്ഷം അവൻ വ്യക്തമായ നിലയിൽ വഴിപിഴച്ചുപോയിരിക്കുന്നു" (33:36).

"ഇല്ല, നിന്റെ രക്ഷിതാവിനെത്തന്നെയാണ സത്യം; അവർക്കിടയിൽ ഭിന്നതയുണ്ടായ കാര്യത്തിൽ അവർ നിന്നെ വിധികർത്താവാക്കുകയും നീ വിധി കൽപിച്ചതിനെപ്പറ്റി പിന്നീടവരുടെ മനസ്സുകളിൽ ഒരു വിഷമവും തോന്നാതിരിക്കുകയും അത് പൂർണമായി സമ്മതിച്ച് അനുസരിക്കുകയും ചെയ്യുന്നതുവരെ അവർ വിശ്വാസികളാവുകയില്ല" (4:65).

ഇത്തരം വഴികേടിന്റെ ആളുകളിലൂടെ പിശാച് നിരവധി പേരെ വഴിതെറ്റിച്ചിട്ടുണ്ട്. അത്തരം അപകടങ്ങളിൽനിന്ന് ആളുകളെ തടയാനാണ് മുൻഗാമികളായ ഇമാമുമാർ ഇങ്ങനെയുള്ള ആളുകളുടെ വാക്കുകൾക്ക് ചെവികൊടുക്കരുതെന്ന് പറഞ്ഞു സാധാരണക്കാരെ അവരിൽനിന്ന് തടഞ്ഞത്.

ഇബ്നുൽ ജൗസി(റഹി) പറയുന്നു: "ഇസ്‌ലാമിക ലോകത്തെ മുൻകാല പണ്ഡിതന്മാർ ഇത്തരം ആളുകൾക്ക് മറുപടി പറഞ്ഞു സമയം കളയാൻ മെനക്കടാതിരുന്നത് അവർക്ക് അതിന് കഴിയാഞ്ഞിട്ടല്ല; മറിച്ച് അതിൽ കാര്യമായ പ്രയോജനങ്ങളില്ല എന്ന് മനസ്സിലാക്കിയതുകൊണ്ടാണ്.

പിന്നീട് നല്ലവരായ പല ആളുകളിലേക്കും അതിന്റെ രോഗം പരക്കുന്നത് കണ്ടപ്പോൾ അത്തരം ചർച്ചകളിൽ ഏർപ്പെടുന്നതിനെ വിലക്കുകയാണുണ്ടായത്" (തൽബീസ്, പേജ് 94).

വളയമില്ലാതെ ചാടുന്നവർക്ക് എന്തിനെയാണ് പേടിക്കാനും സൂക്ഷിക്കാനുമുള്ളത്? നിഷേധിക്കാൻ ഒരുങ്ങി നിൽക്കുന്നവരെ എന്ത് ന്യായങ്ങളും തെളിവുകളും നിരത്തിയാലും ബോധ്യപ്പെടുത്താൻ വലിയ പ്രയാസമായിരിക്കും. അവരെക്കൊണ്ടുള്ള അപകടം വളരെ ഗുരുതരവുമാണ്. അതുകൊണ്ടാണ് ഇമാം ശാഫിഈ(റഹി) അടക്കമുള്ള പണ്ഡിതന്മാർ അതിശക്തമായി അവരെ ആക്ഷേപിച്ചു പറഞ്ഞത്. ഇൽമുൽ കലാം അഥവാ വചനശാസ്ത്രത്തിന്റെ ആളുകളെ പൂർവികരായ പല ഇമാമുമാരും ശക്തമായി എതിർത്തി ട്ടുണ്ട്. കാരണം, മനുഷ്യബുദ്ധിക്ക് അപ്രാപ്യമായ മറഞ്ഞ കാര്യങ്ങളാണ് (ഗൈബ്) വിശ്വാസകാര്യങ്ങളായി മതം പഠിപ്പിക്കുന്നത്. അതിനെ സത്യപ്പെടുത്തി അംഗീകരിക്കുക എന്നതാണ് വിശ്വാസികളുടെ ഒന്നാമത്തേതും ഏറ്റവും പ്രധാനപ്പെട്ടതുമായ സവിശേഷത. വിശുദ്ധ ക്വുർആനിന്റെ മാർഗനിർദേശങ്ങൾ ഉപകാരപ്പെടുന്ന വിശ്വാസികളുടെ പ്രത്യേകതയായി അല്ലാഹു പറഞ്ഞത് കാണുക:

"അദൃശ്യകാര്യങ്ങളിൽ വിശ്വസിക്കുകയും പ്രാർഥന അഥവാ നമസ്കാരം മുറപ്രകാരം നിർവഹിക്കുകയും നാം നൽകിയ സമ്പത്തിൽനിന്ന് ചെലവഴിക്കുകയും" (2:3).

എന്നാൽ ഇത്തരം വിശ്വാസകാര്യങ്ങളിൽ തങ്ങളുടെ ചിന്തയും ബുദ്ധിയും യുക്തിയുമൊക്കെ നിരത്തി കുറെ ഊഹാപോഹങ്ങൾ ഭംഗിയാക്കി അവതരിപ്പിക്കുകയും ക്വുർആനും സുന്നത്തുമാകുന്ന പ്രമാണങ്ങളെ ദുർവ്യാഖ്യാനിക്കുകയോ നിരാകരിക്കുകയോ ചെയ്യുകയും ചെയ്യുന്ന പ്രവണതയാണ് പിന്നീട് അവരിൽ ഉണ്ടായത്. പിശാചിന്റെ കെണിയിൽ അകപ്പെട്ടതറിയാതെ എത്രയോ ആളുകളെയാണ് അക്കൂട്ടരും പിഴപ്പിച്ചുകൊണ്ടിരിക്കുന്നത്! സച്ചരിതരായ മുൻഗാമികൾ മതത്തെ ഉൾക്കൊള്ളുകയും പ്രമാണങ്ങളെ വിശദീകരിക്കുകയും ചെയ്ത രൂപത്തിൽ മതാധ്യാപനങ്ങളെ സമീപിക്കുന്നവർക്ക് മാത്രമെ ഈ വഴികേടുകളിൽനിന്ന് രക്ഷപ്പെടാനുള്ള തൗഫീഖ് ഉണ്ടാവുകയുള്ളൂ. അത് വിശുദ്ധ ക്വുർആനും തിരുസുന്നത്തും കാലേകൂട്ടി അറിയിച്ചതുമാണ്.

അല്ലാഹു പറയുന്നു: "തനിക്ക് സൻമാർഗം വ്യക്തമായിക്കഴിഞ്ഞശേഷവും ആരെങ്കിലും ദൈവദൂതനുമായി എതിർത്ത് നിൽക്കുകയും സത്യവിശ്വാസികളുടെതല്ലാത്ത മാർഗം പിന്തുടരുകയും ചെയ്യുന്ന പക്ഷം അവൻ തിരിഞ്ഞ വഴിക്കുതന്നെ നാം അവനെ തിരിച്ചുവിടുന്നതും നരകത്തിലിട്ട് നാമവനെ കരിക്കുന്നതുമാണ്. അതെത്ര മോശമായ പര്യവസാനം!" (4:115).

എന്നാൽ അതെല്ലാം അറുപഴഞ്ചനും പിന്തിരിപ്പൻ ആശയവുമാണ് എന്നൊക്കെ പറഞ്ഞ് രംഗപ്രവേശം ചെയ്തവരാണ് മേൽപറഞ്ഞ ഇൽമുൽ കലാമിന്റെ (വചന ശാസ്ത്രത്തിന്റെ) ആളുകൾ. അവരെക്കുറിച്ച് ഇമാം ശാഫിഈ(റഹി) പറഞ്ഞത് കാണുക: "ഒരാൾ ശിർക്ക് അഥവാ ബഹുദൈവത്വം ഒഴികെയുള്ള, അല്ലാഹു വിലക്കിയ മറ്റെല്ലാ തിന്മകൾകൊണ്ടും പരീക്ഷിക്കപ്പെടുന്നതാണ് ഇൽമുൽ കലാമിലേക്ക് കടക്കുന്നതിനെക്കാൾ അയാൾക്ക് ഉത്തമമായിട്ടുള്ളത്" (തൽബീസു ഇബ്‌ലീസ്, പേജ് 94).

ഇമാം അഹ്മദ് ബിൻ ഹമ്പൽ (റഹി) പറയുന്നു: "ഇൽമുൽ കലാമിന്റെ ആളുകൾ ഒരിക്കലും വിജയിക്കുകയില്ല. വചനശാസ്ത്ര പണ്ഡിതന്മാർ മതനിഷേധികളാണ്" (അതേ പുസ്തകം, പേജ് 94).

ഇത്രയധികം രൂക്ഷമായി പറയാൻ ഈ പണ്ഡിതന്മാരെ പ്രേരിപ്പിച്ച ഒരു പ്രധാന ഘടകം ഈ രീതി യിലൂടെ കടന്നുപോയവർ പറഞ്ഞു പ്രചരിപ്പിച്ച വിഷലിപ്തമായ ചില ആശയങ്ങളും അഭിപ്രായങ്ങളുമാണ്.

മുഅ്തസിലിയാക്കൾ അല്ലാഹുവിനെ കുറിച്ച് പറഞ്ഞത്, അല്ലാഹു കാര്യങ്ങൾ എല്ലാം മൊത്തത്തിൽ അറിയുന്നു എന്നതല്ലാതെ ഓരോന്നും വിശദമായി അവൻ അറിയുന്നില്ല എന്നാണ്. ജഹ്മിയാക്കളുടെ നേതാവായ ജഹ്മുബ്നു സ്വഫ്‌വാൻ അല്ലാഹുവിന്റെ അറിവും കഴിവും ജീവനും അടക്കമുള്ള എല്ലാ ഗുണവിശേഷങ്ങളെയും തള്ളിപ്പറയുകയാണുണ്ടായത്. ക്വുർആൻ പറഞ്ഞതുപോലെ; 'അല്ലാഹുവിനെ കണക്കാക്കേണ്ട പ്രകാരം അവർ കണക്കാക്കിയില്ല.'

അങ്ങനെ ദൈവനിഷേധത്തിലേക്കും മറ്റു പല മതനിരാസ ആശയങ്ങളിലേക്കും ഈ വഴിയിലൂടെ പലരും എത്തിച്ചേർന്നു. ഇബ്നുൽ ജൗസി(റഹി) ഈ വിഭാഗങ്ങളുടെ അതിരുവിട്ട പല പിഴവുകളെ സംബന്ധിച്ചും തന്റെ ഗ്രന്ഥത്തിൽ (പേജ് 94, 95) പ്രതിപാദിക്കുന്നുണ്ട്.



# മനുഷ്യരും മൃഗീയസ്വഭാവങ്ങളും

## ഇമാം ഇബ്നുൽ ക്വയ്യിം (റഹി)

## വിവ: മുഹമ്മദ് സിയാദ് ജുബൈൽ

മനുഷ്യരിൽ മൃഗീയ പ്രവണതകൾ-നേരെ നിവർന്ന് നിൽക്കുകയും മനുഷ്യഭാഷ ഉപയോഗിക്കുകയും ചെയ്യുന്നതൊഴിച്ചാൽ-മൃഗങ്ങളിൽനിന്ന് യാതൊരു ആന്തരിക വ്യത്യാസവും കൈവരിക്കാത്തതായി ദൃശ്യമാകുന്നു. അവരുടെ മുഴുവൻ ചിന്തയും ശ്രമവും സ്വാർഥ ഇച്ഛകളുടെ തൃപ്തിയിലേക്കാണ് ചുരുങ്ങുന്നത്. യഥാർഥ മനുഷ്യഗുണങ്ങൾക്കു യോജിക്കാത്ത, താഴ്ന്നതും മൃഗീയവുമായ മനോഭാവമാണ് ഇവരുടെ സ്വഭാവത്തിൽ പ്രത്യക്ഷമാകുന്നത്.

ചില മനുഷ്യരിൽ മൃഗീയ പ്രവണതകൾ-നേരെ നിവർന്ന് നിൽക്കുകയും മനുഷ്യഭാഷ ഉപയോഗിക്കുകയും ചെയ്യുന്നതൊഴിച്ചാൽ-മൃഗങ്ങളിൽനിന്ന് യാതൊരു ആന്തരിക വ്യത്യാസവും കൈവരിക്കാത്തതായി ദൃശ്യമാകുന്നു. അവരുടെ മുഴുവൻ ചിന്തയും ശ്രമവും സ്വാർഥ ഇച്ഛകളുടെ തൃപ്തിയിലേക്കാണ് ചുരുങ്ങുന്നത്. യഥാർഥ മനുഷ്യഗുണങ്ങൾക്കു യോജിക്കാത്ത, താഴ്ന്നതും മൃഗീയവുമായ മനോഭാവമാണ് ഇവരുടെ സ്വഭാവത്തിൽ പ്രത്യക്ഷമാകുന്നത്.

അവരുടെ ഈ അവസ്ഥ, അവർ അനുകരിക്കുന്ന മൃഗങ്ങളുടെ സ്വഭാവങ്ങളിലൂടെ കൂടുതൽ വ്യക്തമായി മനസ്സിലാക്കാൻ കഴിയും.

**1. അമിതാഭിലാഷവും താഴ്ന്നതരം ആസ്വാദനങ്ങളും**

*നായയുടെ സ്വഭാവം:*

എത്ര ലഭിച്ചാലും തൃപ്തിയറിയാത്ത അമിതഭോജനം. ആയിരം നായ്ക്കൾക്ക് തിന്നാൻ മതിയായ ഒരു ശവം ഉണ്ടായാലും, എല്ലാ നായ്ക്കളെയും അതിൽ

നിന്ന് ഓടിച്ച് മുഴുവൻ സ്വന്തമാക്കാനുള്ള ത്വര. നല്ലതോ ചീത്തയോ എന്ന വിവേചനം കൂടാതെ കിട്ടുന്നതെല്ലാം സ്വന്തമാക്കാൻ ശ്രമിക്കുന്നു. തെറ്റായ പ്രവൃത്തികളിൽപോലും ലജ്ജാബോധമില്ലാത്ത അവസ്ഥ!

*പന്നിയുടെ സ്വഭാവം:*

നല്ലത് സമീപത്തുണ്ടായിരിക്കെ അതിനെ അവഗണിച്ച്, വൃത്തികെട്ടതിലും താഴ്ന്നതിലും ആകർഷിക്കപ്പെടുന്നു. ഉത്തമോപദേശം കേട്ടിട്ടും അത് സ്വീകരിക്കാതെ, മോശം പ്രവൃത്തികളിലും അശ്ലീലതകളിലുമാണ് സന്തോഷം കണ്ടെത്തുന്നത്.

**2. അജ്ഞതയും ദിവ്യസന്ദേശങ്ങളോടുള്ള അവഗണനയും**

*കഴുതയുടെ സ്വഭാവം:*

കഠിനാധ്വാനത്തിലും ഭാരവഹനത്തിലും മാത്രം ഒതുങ്ങുന്ന, അർഥബോധമില്ലാത്ത ഒരു ജീവിതം. ദിവ്യഗ്രന്ഥം കൈവശമുണ്ടായിട്ടും അതിന്റെ അർഥം ഗ്രഹിക്കാതെയും ജീവിതത്തിൽ നടപ്പാക്കാതെയും കഴിയുന്നവരെ ഇതോടാണ് ഉപമിക്കുന്നത്.

"തൗറാത്ത് സ്വീകരിക്കാൻ ചുമതല ഏൽപിക്കപ്പെടുകയും എന്നിട്ട് അത് ഏറ്റെടുക്കാതിരിക്കുകയും ചെയ്തവരുടെ (യഹൂദരുടെ) ഉദാഹരണം ഗ്രന്ഥങ്ങൾ ചുമക്കുന്ന കഴുതയുടെത് പോലെയാകുന്നു. അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങൾ നിഷേധിച്ചുകളഞ്ഞ ജനങ്ങളുടെ ഉപമ എത്രയോ ചീത്ത! അക്രമികളായ ജനങ്ങളെ അല്ലാഹു സൻമാർഗത്തിലാക്കുകയില്ല" (അൽജുമുഅ: 5)

ദിവ്യസന്ദേശങ്ങൾ ലഭിച്ചിട്ടും അവയെ ഉപേക്ഷിക്കുന്നവരുടെ അവസ്ഥ വിശദീകരിക്കാൻ ഖുർആൻ മറ്റൊരു ദൃഷ്ടാന്തവും അവതരിപ്പിക്കുന്നു:

"പക്ഷേ, അവൻ ഭൂമിയിലേക്ക് (അത് ശാശ്വതമാണെന്ന ഭാവേന) തിരിയുകയും അവന്റെ തന്നിഷ്ടത്തെ പിൻപറ്റുകയുമാണ് ചെയ്തത്. അപ്പോൾ അവന്റെ ഉപമ ഒരു നായയുടെത് പോലെയാകുന്നു. നീ അതിനെ ആക്രമിച്ചാൽ അത് നാവ് തൂക്കിയിടും. നീ അതിനെ വെറുതെ വിട്ടാലും അത് നാവ് തൂക്കിയിടും. അതാണ് നമ്മുടെ ദൃഷ്ടാന്തങ്ങൾ നിഷേധിച്ച് തള്ളിയവരുടെ ഉപമ" (അൽഅഅ്റാഫ്: 176).

**3. ക്രൂരത, നാശപ്രവണത, ദ്രോഹം**

*വന്യമൃഗത്തിന്റെ സ്വഭാവം:*

എപ്പോഴും ആക്രമണത്തിന് സജ്ജമായി നിൽക്കുകയും ലഭ്യമായ എല്ലാ മാർഗങ്ങളിലൂടെയും മറ്റുള്ളവരെ കീഴടക്കാൻ ശ്രമിക്കുകയും ചെയ്യുന്നു.

*എലിയുടെ സ്വഭാവം:*

സൃഷ്ടിക്കുന്നതിലല്ല, സംഹാരത്തിലാണ് താൽപര്യം. നാശം വിതയ്ക്കുന്നതിൽ തന്നെ സന്തോഷം കണ്ടെത്തുന്നു. നാശം വിതയ്ക്കാൻ വേണ്ടി തങ്ങളെ സൃഷ്ടിച്ചതിന് അവർ അല്ലാഹുവിനെ സ്തുതിക്കുന്നത് പോലെയാണ്.

*പാമ്പിന്റെയും തേളിന്റെയും സ്വഭാവം:*

അവസരം കിട്ടുമ്പോഴൊക്കെയും ദ്രോഹിക്കാനും വേദനിപ്പിക്കാനും തയ്യാറായി നിൽക്കുന്ന വിഷവൃത്തി.

*ഒട്ടകത്തിന്റെ സ്വഭാവം:*

കഠിനഹൃദയതയും പകയും വിദ്വേഷവും ദീർഘകാലം മറക്കാത്ത പിടിവാശിയും ചേർന്ന മനോഭാവം.

**4. അഹങ്കാരവും ഉപരിപ്ലവ പ്രദർശനവും**

*മയിലിന്റെ സ്വഭാവം:*

ബാഹ്യ സൗന്ദര്യത്തിലും അലങ്കാരത്തിലും മാത്രം ശ്രദ്ധ കേന്ദ്രീകരിക്കുന്ന പ്രവണത. എന്നാൽ ഉള്ളടക്കത്തിൽ ആഴമില്ലാത്ത, ഉപരിപ്ലവമായ ഒരു ജീവിതശൈലി.

**മികച്ച സ്വഭാവത്തിന്റെ ഉദാഹരണം**

ഇതിന് വിപരീതമായി, നല്ല സ്വഭാവത്തിന്റെ പ്രതീകമായി കുതിരയെ കാണാം. സൗന്ദര്യവും ശക്തിയും നിയന്ത്രണവും ഉപകാരവും സമന്വയിപ്പിച്ച ഒരു മഹത്തായ സ്വഭാവമാണ് അതിന്റെത്. ആടുകളിലും സമാനമായ സൗമ്യതയും അനുസരണ ശീലവും പ്രത്യക്ഷമാണ്.

**ചുരുക്കം**

ഇത്തരക്കാരുടെ മനസ്സ് മുഴുവൻ സ്വാർഥ ഇച്ഛകളുടെ ചുറ്റളവിൽ കുടുങ്ങിക്കിടക്കുന്നു. അവയെ എങ്ങനെ തൃപ്തിപ്പെടുത്താം എന്നതിലേക്കാണ് അവരുടെ ചിന്ത പരിമിതപ്പെടുന്നത്. അതിനപ്പുറം ഉയർന്ന ലക്ഷ്യങ്ങളിലേക്കോ ആത്മീയ പുരോഗതിയിലേക്കോ ശ്രേഷ്ഠമായ അഭിലാഷങ്ങളിലേക്കോ അവർ തിരിയുന്നില്ല.

*(ഇബ്നുൽ ഖയ്യിമിന്റെ മദാരിജുസ്സാലികീൻ എന്ന ഗ്രന്ഥത്തിൽ നിന്നുള്ള ഒരു ഭാഗം അവലംബമാക്കി തയ്യാറാക്കിയത്).*

# സൂറ: അശ്ശുഅറാഅ്

## കവികൾ

(മക്കയിൽ അവതരിച്ചത്)

അധ്യായം 26

അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം
:95444 92089

وَأَوْحَيْنَا إِلَىٰ مُوسَىٰ أَنْ أَسْرِ بِعِبَادِي إِنَّكُم مُّتَّبَعُونَ ﴿٥٢﴾

52. മൂസായ്ക്ക് നാം ബോധനം നൽകി: എന്റെ ദാസൻമാരെയും കൊണ്ട് രാത്രിയിൽ നീ പുറപ്പെട്ടുകൊള്ളുക. തീർച്ചയായും (ശത്രുക്കൾ) നിങ്ങളെ പിന്തുടരാൻ പോകുകയാണ്.

*അങ്ങനെ മൂസാ നബി(അ) അവർ വിശ്വസിക്കാതിരിക്കുന്നതിനാൽ നിരാശനായി. അവർക്ക് ശിക്ഷ ലഭിക്കുകയും ചെയ്തു. ഇസ്രാഈൽ ജനത അവരുടെ അടിമത്തത്തിൽനിന്ന് മോചനം നേടി. ഭൂമിയിൽ അധികാരം ലഭിക്കാനുള്ള സമയമായി. അപ്പോൾ അല്ലാഹു മൂസാനബിക്ക് സന്ദേശം നൽകി: (മൂസാക്ക് നാം ബോധനം നൽകി: 'എന്റെ ദാസന്മാരെയും കൊണ്ട് രാത്രിയിൽ നീ പുറപ്പെട്ടു കൊള്ളുക') രാത്രിയുടെ ആരംഭത്തിൽ താങ്കൾ ബനൂഇസ്രാഈലുകാരെയും കൊണ്ട് യാത്ര ചെയ്യുക. യാത്രക്ക് സമയമെടുക്കും. (തീർച്ചയായും ശത്രുക്കൾ നിങ്ങളെ പിന്തുടരാൻ പോവുകയാണ്) ഫിർഔനും അവന്റെ സൈന്യവും നിങ്ങളെ പിന്തുടരും. അല്ലാഹു പറഞ്ഞതുപോലെ സംഭവിച്ചു. നേരം പുലർന്നു.*

فَأَرْسَلَ فِرْعَوْنُ فِي الْمَدَائِنِ حَاشِرِينَ ﴿٥٣﴾

53. അപ്പോൾ ഫിർഔൻ ആളുകളെ വിളിച്ചുകൂട്ടാൻ പട്ടണങ്ങളിലേക്ക് ദൂതൻമാരെ അയച്ചു.

إِنَّ هَٰؤُلَاءِ لَشِرْذِمَةٌ قَلِيلُونَ ﴿٥٤﴾

54. തീർച്ചയായും ഇവർ കുറച്ചുപേർ മാത്രമുള്ള ഒരു സംഘമാകുന്നു.

وَإِنَّهُمْ لَنَا لَغَائِظُونَ ﴿٥٥﴾

55. തീർച്ചയായും അവർ നമ്മെ അരിശംകൊള്ളിക്കുന്നവരാകുന്നു.

وَإِنَّا لَجَمِيعٌ حَاذِرُونَ ﴿٥٦﴾

56. തീർച്ചയായും നാം സംഘടിതരും ജാഗരൂകരുമാകുന്നു. (എന്നിങ്ങനെ വിളിച്ചുപറയാനാണ് ഫിർഔൻ നിർദേശിച്ചത്).

فَأَخْرَجْنَاهُم مِّن جَنَّاتٍ وَعُيُونٍ ﴿٥٧﴾

57. അങ്ങനെ തോട്ടങ്ങളിൽനിന്നും നീരുറവകളിൽനിന്നും നാം അവരെ പുറത്തിറക്കി.

وَكُنُوزٍ وَمَقَامٍ كَرِيمٍ ﴿٥٨﴾

58. ഭണ്ഡാരങ്ങളിൽനിന്നും മാന്യമായ വാസസ്ഥലങ്ങളിൽ നിന്നും.

كَذَٰلِكَ وَأَوْرَثْنَاهَا بَنِي إِسْرَائِيلَ ﴿٥٩﴾

59. അപ്രകാരമത്രെ (നമ്മുടെ നടപടി). അതൊക്കെ ഇസ്രാഈൽ സന്തതികൾക്ക് നാം അവകാശപ്പെടുത്തിക്കൊടുക്കുകയും ചെ യ്തു.

*53-59). (അപ്പോൾ ഫിർഔൻ ആളുകളെ വിളിച്ചുകൂട്ടാൻ പട്ടണങ്ങളിലേക്ക് ദൂതന്മാരെ അയച്ചു) എല്ലാ ഇസ്രാഈല്യരും മൂസാ നബി(അ)യുടെ കൂടെ പുറപ്പെട്ടു. അന്നേരം ഫിർഔൻ തന്റെ ജനതയെ ഒരുമിച്ചുകൂട്ടാനും ഇസ്രാഈല്യരെ പിടികൂടാൻ അവരെ പ്രേരിപ്പിക്കാനും നഗരങ്ങളിലേക്ക് സന്ദേശവാഹകരെ അയച്ചു. തന്റെ ആളുകളെ പ്രോത്സാഹിപ്പിച്ചുകൊണ്ട് അവൻ പറഞ്ഞു: (തീർച്ചയായും ഇവർ) അതായത് ബനുഇസ്രാഈല്യർ. (കുറച്ചുപേർ മാത്രമുള്ള ഒരു സംഘമാകുന്നു. തീർച്ചയായും അവർ നമ്മെ അരിശം കൊള്ളിക്കുന്നവരാകുന്നു) ഞങ്ങൾക്കെതിരെ മത്സരിച്ച ഈ അടിമകളോട് ഞങ്ങളുടെ രോഷം പ്രകടിപ്പിക്കാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. (തീർച്ചയായും നാം സംഘടിതരും ജാഗരൂകരും ആകുന്നു) അതായത് ഞങ്ങൾ എല്ലാവരും അവർക്കെതിരെ ഒരുങ്ങിയിട്ടുണ്ട്. അവർ നമ്മുടെയെല്ലാവരുടെയും ശത്രുക്കളാണ്. ഞങ്ങൾക്ക് പൊതുവായ താൽപര്യങ്ങളുണ്ട്. അങ്ങനെ ഫിർഔനും അവന്റെ സൈന്യവും ഒരു വലിയ സംഘവുമായി പുറപ്പെട്ടു. ഒഴികഴിവുകൾ പറയുകയും കഴിയാത്തതിനാൽ പുറത്തിറങ്ങാൻ സാധിക്കാത്തവരുമല്ലാത്തവരല്ലാതെ ആരുംതന്നെ പുറപ്പെടാതിരുന്നില്ല. (അങ്ങനെ തോട്ടങ്ങളിൽനിന്നും നീരുറവുകളിൽനിന്നും നാം അവരെ പുറത്താക്കി) അതായത് ഈജിപ്തിലെ അതിമനോഹരമായ പൂന്തോട്ടങ്ങളും മരുഭൂവാസികളും നഗരവാസികളും ഒരുപോലെ കൃഷിക്ക് ഉപയോഗിച്ചിരുന്ന ഒഴുകുന്ന നദികളും വിളകളും അവർക്ക് നഷ്ടമായി. (ഭണ്ഡാരങ്ങളിൽനിന്നും മാന്യമായ വാസസ്ഥലങ്ങളിൽനിന്നും) കാഴ്ചക്കാരെ വിസ്മയിപ്പിക്കുകയും അമ്പരപ്പിക്കുകയും ചെയ്യുന്ന അവരുടെ നിധികളിൽനിന്നും പാർപ്പിടങ്ങളിൽനിന്നും. അവിശ്വാസത്തിലും ധിക്കാരത്തിലും അഹങ്കാരത്തിലുമായി അവരാ സുഖങ്ങളിൽ കാലങ്ങളോളം കഴിച്ചുകൂട്ടി. (അപ്രകാരം അതൊക്കെ നാം അവകാശപ്പെടുത്തിക്കൊടുക്കുകയും ചെയ്തു) ഈ തോട്ടങ്ങളും അരുവികളും കൃഷിയും മാന്യമായ താമസസ്ഥലങ്ങളും.*

*(ബനൂഇസ്രാഈലുകാർക്ക്) മുമ്പ് അവർ അടിമകളാക്കുകയും കഠിനമായ ജോലികൾക്ക് വിധേയരാക്കുകയും ചെയ്തവർക്ക്. താൻ ഉദ്ദേശിക്കുന്നവർക്ക് ആധിപത്യം നൽകുകയും താൻ ഉദ്ദേശിക്കുന്നവരിൽനിന്ന് അത് എടുത്തുകളയുകയും ചെയ്യുന്നവൻ മഹാപരിശുദ്ധൻ! അവനെ അനുസരിക്കുന്നതിന്റെ ഫലമായി അവൻ അവരെ ഉയർത്തുകയും അവനോടുള്ള അനുസരണക്കേടിന്റെ ഫലമായി അവൻ അവരെ നിന്ദ്യരാക്കുകയും ചെയ്യുന്നു.*

فَأَتْبَعُوهُم مُّشْرِقِينَ ﴿٦٠﴾

60. എന്നിട്ട് അവർ (ഫിർഔനും സംഘവും) ഉദയവേളയിൽ അവരുടെ (ഇസ്രാഈല്യരുടെ) പിന്നാലെ ചെന്നു.

فَلَمَّا تَرَاءَى الْجَمْعَانِ قَالَ أَصْحَابُ مُوسَىٰ إِنَّا لَمُدْرَكُونَ ﴿٦١﴾

61. അങ്ങനെ രണ്ടു സംഘവും പരസ്പരം കണ്ടപ്പോൾ മൂസായുടെ അനുചരൻമാർ പറഞ്ഞു: 'തീർച്ചയായും നാം പിടിയിലകപ്പെടാൻ പോകുകയാണ്.'

قَالَ كَلَّا ۖ إِنَّ مَعِيَ رَبِّي سَيَهْدِينِ ﴿٦٢﴾

62. അദ്ദേഹം (മൂസാ) പറഞ്ഞു: 'ഒരിക്കലുമില്ല, തീർച്ചയായും എന്നോടൊപ്പം എന്റെ രക്ഷിതാവുണ്ട്. അവൻ എനിക്ക് വഴി കാണിച്ചുതരും.'

*(എന്നിട്ടവർ-ഫിർഔനും സംഘവും- ഉദയവേളയിൽ അവരുടെ-ഇസ്രാഈല്യരുടെ-പിന്നാലെ ചെന്നു) ഉദയസമയത്ത് ഫിർഔനിന്റെ സൈന്യം ബനൂഇസ്രാഈലുകാരെ പിന്തുടർന്നു; കോപത്തോടെയും ആകാംക്ഷയോടെയും. അവർക്ക് അതിന് കഴിവുണ്ടായിരുന്നു. (അങ്ങനെ രണ്ട് സംഘവും പരസ്പരം കണ്ടപ്പോൾ) ഓരോരുത്തരും തങ്ങളുടെ എതിർവിഭാഗത്തെ കണ്ടു. (മൂസായുടെ അനുചരന്മാർ പറഞ്ഞു:) പരാതി പറയുന്നവരായി. (തീർച്ചയായും നാം പിടിയിലകപ്പെടാൻ പോവുകയാണ്). അവരെ ആശ്വസിപ്പിച്ചും തന്റെ രക്ഷിതാവിന്റെ വാഗ്ദത്തം സത്യമാണെന്ന് അവരെ അറിയിച്ചുകൊണ്ടും (മൂസാ പറഞ്ഞു: 'തീർച്ചയായും എന്നോടൊപ്പം എന്റെ രക്ഷിതാവുണ്ട്') എന്നെയും നിങ്ങളെയും രക്ഷിക്കുന്ന ഒരു വഴി അവൻ എനിക്കു കാണിച്ചുതരും.*

നന്മയായിട്ട് നിനക്ക് എന്തൊന്ന് വന്നുകിട്ടിയാലും അത് അല്ലാഹു വിങ്കൽനിന്നുള്ളതാണ്. നിന്നെ ബാധിക്കുന്ന ഏതൊരു ദോഷവും നിന്റെ പക്കൽനിന്നുതന്നെ ഉണ്ടാകുന്നാണ്. (നബിയേ,) നിന്നെ നാം മനുഷ്യരിലേക്കുള്ള ദൂതനായിട്ടാണ് നിയോഗിച്ചിരിക്കുന്നത്. (അതിന്) സാക്ഷിയായി അല്ലാഹു മതി (ക്വുർആൻ 4:79).

# മുഹർറം ദുശ്ശകുന മാസമോ?

## സയ്യിദ് സഅ്ഫർ സ്വാദിഖ് മദീനി

ഈ ലോകത്തിന്റെയും അതിലുള്ള മുഴുവൻ പ്രതിഭാസങ്ങളുടെയും സ്രഷ്ടാവ് അല്ലാഹുവാണ്. മനുഷ്യരെ സംബന്ധിച്ചിടത്തോളം വളരെ ഉപകാരപ്രദമായ ഒരു പ്രതിഭാസമാണ് രാവും പകലും. തങ്ങൾക്ക് അല്ലാഹു നിർണയിച്ചിട്ടുള്ള ഉപജീവനം കണ്ടെത്തുവാൻ ഉപയുക്തമായ രൂപത്തിലുള്ള പകലും ക്ഷീണം മാറ്റുവാൻ ശാന്തസുന്ദരമായ രാത്രിയും നൽകിയതിൽ ചിന്തിക്കുന്നവർക്ക് ദൃഷ്ടാന്തമുണ്ടെന്നാണ് ക്വുർആൻ പറയുന്നത്.

"തീർച്ചയായും ആകാശങ്ങളുടെയും ഭൂമിയുടെയും സൃഷ്ടിയിലും രാപകലുകൾ മാറി മാറി വരുന്നതിലും സൽബുദ്ധിയുള്ളവർക്ക് പല ദൃഷ്ടാന്തങ്ങളുണ്ട്" (ക്വുർആൻ 3:190).

അല്ലാഹു സൃഷ്ടിച്ചിട്ടുള്ള ദിവസങ്ങളും ആഴ്ചകളും അടങ്ങിയതാണ് മാസം. അല്ലാഹുവിന്റെ അടുത്ത് മാസങ്ങൾ പന്ത്രണ്ടെണ്ണമാണെന്ന് വിശുദ്ധ ക്വുർആൻ പറയുന്നു:

"ആകാശങ്ങളും ഭൂമിയും സൃഷ്ടിച്ചദിവസം അല്ലാഹു രേഖപ്പെടുത്തിയതനുസരിച്ച് അല്ലാഹുവിന്റെ അടുക്കൽ മാസങ്ങളുടെ എണ്ണം



പന്ത്രണ്ടാകുന്നു. അവയിൽ നാലെണ്ണം (യുദ്ധം) വിലക്കപ്പെട്ട മാസങ്ങളാകുന്നു. അതാണ് വക്രതയില്ലാത്ത മതം. അതിനാൽ ആ (നാല്) മാസങ്ങളിൽ നിങ്ങൾ നിങ്ങളോട് തന്നെ അക്രമം പ്രവർത്തിക്കരുത്...” (ക്വുർആൻ 9:36).

അല്ലാഹു ചില മാസങ്ങൾക്കും ദിവസങ്ങൾക്കും സമയത്തിനും പ്രത്യേകത നൽകയിട്ടുണ്ട്. ഉപരിസൂചിത സൂക്തത്തിൽനിന്ന് നാല് മാസങ്ങൾക്ക് പ്രത്യേകതയുണ്ടെന്ന് നമുക്ക് മനസ്സിലാക്കാം. അതുപോലെ റമദാൻ മാസത്തിന് പ്രത്യേകതയുണ്ടെന്നും ക്വുർആൻ വ്യക്തമാക്കിയിട്ടുണ്ട്. അല്ലാഹുവോ പ്രവാചകനോ ശ്രേഷ്ഠതയുണ്ടെന്ന് പറഞ്ഞിട്ടുള്ള മാസങ്ങൾക്കും ദിവസങ്ങൾക്കും സമയങ്ങൾക്കും പ്രത്യേകതയും ശ്രേഷ്ഠതയുമുണ്ട്. അത് അങ്ങനെ തന്നെ അംഗീകരിക്കുകയാണ് വിശ്വാസികൾ ചെയ്യേണ്ടത്.

അല്ലാഹു പവിത്രമാണെന്ന് വിശുദ്ധക്വുർആനിലൂടെ വ്യക്തമാക്കിയ മാസങ്ങളിൽ ഒരു മാസമായ മുഹർറം മാസത്തിലെ ചില ദിവസങ്ങളുടെ ശ്രേഷ്ഠതകളെ സംബന്ധിച്ചാണ് ചില കാര്യങ്ങൾ വിശദീകരിക്കുന്നത്.

## ജാഹിലിയ്യത്തിൽ

ഇസ്‌ലാമിന് മുമ്പ് ജാഹിലിയ്യത്തിൽ (അജ്ഞാനകാലം) പോലും ക്വുറൈശികൾ മുഹർറം മാസത്തിൽ ചില ദിവസങ്ങളിൽ നോമ്പനുഷ്ഠിച്ചിരുന്നു. റമദാൻ നോമ്പ് നിർബന്ധമാക്കുന്നതിന് മുമ്പ് ആശൂറാഇന്റെ നോമ്പ് അനുഷ്ഠിക്കുവാനായി പ്രവാചകൻ(സ്വ) ജനങ്ങളോട് കൽപിച്ചിരുന്നു. റമദാനിലെ നോമ്പ് നിർബന്ധമാക്കപ്പെട്ടതിന് ശേഷം അത് സുന്നത്താക്കുകയാണ് ചെയ്തത്. ഒരു ഹദീസ് ശ്രദ്ധിക്കുക:

ആഇശ(റ) പറയുന്നു: “ക്വുറൈശികൾ ജാഹിലിയ്യത്തിൽ ആശൂറാഇ(മുഹർറം പത്ത്)ന്റെ നോമ്പ് അനുഷ്ഠിച്ചിരുന്നു. പ്രവാചകനും അനുഷ്ഠിച്ചിരുന്നു. മദീനയിലേക്ക് വന്നപ്പോൾ പ്രവാചകൻ(സ്വ) അത് അനുഷ്ഠിക്കുകയും ജങ്ങളോട് അനുഷ്ഠിക്കുവാൻ കൽപിക്കുകയും ചെയ്തിരുന്നു. അങ്ങനെ റമദാൻ നിർബന്ധമാക്കിയപ്പോൾ ആശൂറാഅഇന്റെ നോമ്പ് ഉപേക്ഷിക്കുകയുണ്ടായി. ഉദ്ദേശിക്കുന്നവർ നോമ്പനുഷ്ഠിക്കുകയും നോമ്പനുഷ്ഠിക്കുവാൻ ഉദ്ദേശിക്കാത്തവർ അത് ഒഴിവാക്കുകയും ചെയ്തു” (ബുഖാരി).

## മുഹർറം പത്ത്

മുഹർറം മാസത്തെ അല്ലാഹു പവിത്രമാക്കിയിരിക്കുന്നു, അതിൽ തന്നെ പത്താം ദിവസത്തെ പ്രത്യേകം ശ്രേഷ്ഠതയുള്ളതായി പ്രഖ്യാപിച്ചിരിക്കുന്നു. കാരണം ആ ദിവസത്തിലാണ് അല്ലാഹു മൂസാ നബി(അ)യെ ഫിർഔനിൽനിന്നും രക്ഷപ്പെടുത്തിയിരിക്കുന്നത്. ഒരു ഹദീസ് ശ്രദ്ധിക്കുക:

ഇബ്നു അബ്ബാസി(റ)ൽ നിന്ന് നിവേദനം: “പ്രവാചകൻ

**ഇസ്‌ലാം ഏതെങ്കിലും ദിവസത്തെയോ മാസത്തെയോ ദുശ്ശകുനത്തിന്റെ ദിവസമായും മാസമായും പഠിപ്പിക്കുന്നില്ല. മുഹർറം മാസത്തിലെ നഹ്‌സ് ഉണ്ടാക്കിയത് ഇസ്‌ലാമിൽനിന്ന് വ്യതിചലിച്ച് പോയ ശിയാക്കളാണ് എന്ന് നമുക്ക് ആധികാരികമായ ഗ്രന്ഥങ്ങളിൽ കാണാൻ സാധിക്കും. ശിയാക്കളുടെ ഒരുപാട് കാര്യങ്ങൾ സമസ്തക്കാർ കടമെടുത്ത കൂട്ടത്തിൽ ദുശ്ശകുനവും സ്വീകരിച്ചു എന്നതാണ് യാഥാർഥ്യം.**

(സ്വ) മദീനയിലേക്ക് വന്നു, ആ സന്ദർഭത്തിൽ ജൂതന്മാർ ആശൂറാഅ് (മുഹർറം പത്ത്)ന് നോമ്പനുഷ്ഠിക്കുന്നതായി കണ്ടു, അപ്പോൾ നബി(സ്വ) ചോദിച്ചു: ‘ഇതെന്താണ്?’ (നിങ്ങൾ എന്തുകൊണ്ടാണ് നോമ്പനുഷ്ഠിക്കുന്നത്). അവർ പ്രത്യുത്തരം നൽകി: ‘ഇത് നല്ല ഒരു ദിനമാണ്, ഈ ദിവസമാണ് ബനൂ ഇസ്രാഈല്യരെ അവരുടെ ശത്രുക്കളിൽ നിന്ന് അല്ലാഹു രക്ഷപ്പെടുത്തിയത്. അതുകൊണ്ട് ഈ ദിവസം മൂസാ(അ) നോമ്പനുഷ്ഠിക്കുകയുണ്ടായി.’ അപ്പോൾ നബി (സ്വ) പറഞ്ഞു: ‘മൂസായോട് നിങ്ങളെക്കാൾ കൂടുതൽ അർഹതയുള്ളവർ ഞാനാണ്.’ അങ്ങനെ ആ ദിവസം നബി(സസ്വ) നോമ്പനുഷ്ഠിച്ചു, ആ ദിവസം നോമ്പനുഷ്ഠിക്കുവാൻ കൽപിക്കുകയുമുണ്ടായി” (ബുഖാരി).

**ശ്രേഷ്ഠത**

മുഹർറം പത്തിൽ നോമ്പനുഷ്ഠിക്കുന്നതിന്റെ പ്രത്യേകത നമുക്ക് സ്വഹീഹായ ഹദീസുകളിൽ കാണുവാൻ സാധിക്കും.

അബൂഹുറയ്റ(റ)യിൽ നിന്ന് നിവേദനം. പ്രവാചകൻ(സ്വ) പറയുകയുണ്ടായി: “റമദാൻ നോമ്പിന് ശേഷം ഏറ്റവും ശ്രേഷ്ഠമായ നോമ്പ് അല്ലാഹുവിന്റെ മാസമായ മുഹർറം മാസത്തിലെ നോമ്പാണ്. നിർബന്ധ നമസ്കാരത്തിന് ശേഷം ഏറ്റവും ശ്രേഷ്ഠതയുള്ള നമസ്കാരം രാത്രിയിലുള്ള നമസ്കാരമാണ്” (മുസ്‌ലിം).

ഇബ്നുഅബ്ബാസ്(റ) പറയുന്നു: “ആശൂറാഅ് നോമ്പനുഷ്ഠിക്കുവാൻ വേണ്ടി ഉദ്ദേശിക്കുകയും പ്രതീക്ഷിച്ചിരിക്കുകയും ചെയ്യുന്നത്പോലെ മറ്റൊരു ശ്രേഷ്ഠമാക്കപ്പെട്ട ദിവസത്തെയും പ്രവാചകൻ(സ്വ) പ്രതീക്ഷിക്കുന്നതായി ഞാൻ കണ്ടില്ല, അതുപോലെ റമദാൻ മാസത്തെയും”(ബുഖാരി).

**പ്രതിഫലം**

മുഹർറം പത്തിലുള്ള വ്രതത്തിന് പ്രത്യേകം പുണ്യവും പ്രതിഫലവുമുണ്ടെന്ന് നബി(സ്വ) അറിയിച്ചിട്ടുണ്ട്.

പ്രവാചകൻ(സ്വ) പറയുന്നു: “അറഫാദിനത്തിലുള്ള നോമ്പിനാൽ അതിന് മുമ്പുള്ള ഒരു വർഷത്തെയും അതിന് ശേഷമുള്ള ഒരു വർഷത്തെയും പാപങ്ങൾ പൊറുക്കപ്പെടുന്നതാണ്. ആശൂറാഅ് നോമ്പിന് അതിന് ശേഷമുള്ള ഒരു വർഷത്തെ പാപങ്ങൾ പൊറുക്കപ്പെടുവാനുള്ള പ്രതിഫലം ഞാൻ അല്ലാഹുവിൽ നിന്ന് പ്രതീക്ഷിക്കുന്നു” (മുസ്‌ലിം).

**താസൂആഅ്**

മുഹർറം ഒമ്പതിനാണ് ‘താസൂആഅ്’ എന്ന് പറയുന്നത്. ആ ദിവസവും നോമ്പനുഷ്ഠിക്കുന്നത് സുന്നത്താണെന്ന് ഹദീസുകളിൽ നിന്ന് നമുക്ക് ഗ്രഹിക്കുവാൻ സാധിക്കും.

അബ്ദുല്ലാഹിബ്നു അബ്ബാസ്(റ) പറയുന്നു: പ്രവാചകൻ(സ്വ) ആശൂറാഅ് ദിവസം നോമ്പനുഷ്ഠിക്കുകയും മറ്റുള്ളവരോട് അതിന് കൽപിക്കുകയും ചെയ്തപ്പോൾ അവർ (സ്വഹാബികൾ) പറയുകയുണ്ടായി: ‘പ്രവാചകരേ, ഇന്നേ ദിവസത്തെ ജൂതക്രൈസ്തവർ മഹത്വപ്പെടുത്തുന്നുണ്ടല്ലോ.’ അപ്പോൾ നബി(സ്വ) (സ്വ) പറഞ്ഞു: ‘അല്ലാഹു ഉദ്ദേശിക്കുകയാണെങ്കിൽ അടുത്തവർഷം ഒൻപതാമത്തെ ദിവസവും (താസൂആഅ്) നാം നോമ്പനുഷ്ഠിക്കുന്നതാണ്.’ ഇബ്നു അബ്ബാസ്(റ) പറഞ്ഞു: ‘അടുത്ത വർഷം വന്നപ്പോഴേക്ക് നബി (സ്വ) വഫാത്തായിരുന്നു”(മുസ്‌ലിം).

**ശകുനപ്പിഴയുടെ മാസമല്ല**

മുഹർറം മാസത്തിന്റെ പൊന്നമ്പിളി മാനത്ത് പ്രത്യക്ഷപ്പെട്ട് കഴിഞ്ഞാൽ നമ്മുടെ നാട്ടിൽ ചിലയാളുകൾ ഈ മാസത്തെ ശകുനമായി കാണാറുണ്ട്. പ്രത്യേകിച്ച്

അതിലെ ആദ്യത്തെ പത്ത് ദിനങ്ങളെ. ആ ദിനങ്ങളിൽ യാത്ര പുറപ്പെടുകയോ വിവാഹം കഴിക്കുകയോ മറ്റു നല്ലകാര്യങ്ങൾ ചെയ്യുകയോ ചെയ്യാറില്ല. കാരണം അത് ദുശ്ശകുനത്തിന്റെ ദിനമായിട്ടാണ് അവർ കണക്കാക്കുന്നത്. പണ്ഡിതന്മാർ അങ്ങനെയാണ് അവരെ പഠിപ്പിക്കുന്നത്.

എന്നാൽ നബി(സ്വ)യോ അദ്ദേഹത്തെ മുഴുവൻ കാര്യങ്ങളിലും പിൻപറ്റിയ സച്ചരിതരായ സ്വഹാബികളോ അങ്ങനെ പഠിപ്പിച്ചതായി നമുക്ക് കാണാൻ സാധ്യമല്ല. അല്ലാഹു വിശുദ്ധ ക്വുർആനിലൂടെ പഠിപ്പിക്കുന്നത് പവിത്രമായ നാല് മാസങ്ങളിൽ ഒരു മാസമാണ് മുഹർറം എന്നാണ്. ഇസ്‌ലാം ഏതെങ്കിലും ദിവസത്തെയോ മാസത്തെയോ ദുശ്ശകനത്തിന്റെ ദിവസമായും മാസമായും പഠിപ്പിക്കുന്നില്ല. മുഹർറം മാസത്തിലെ നഹ്‌സ് ഉണ്ടാക്കിയത് ഇസ്‌ലാമിൽനിന്ന് വ്യതിചലിച്ച് പോയ ശിയാക്കളാണ് എന്ന് നമുക്ക് ആധികാരികമായ ഗ്രന്ഥങ്ങളിൽ കാണാൻ സാധിക്കും. ശിയാക്കളുടെ ഒരുപാട് കാര്യങ്ങൾ സമസ്തക്കാർ കടമെടത്ത കൂട്ടത്തിൽ ദുശ്ശകുനവും സ്വീകരിച്ചു എന്നതാണ് യാഥാർഥ്യം.

അബൂഹുറയ്‌റ(റ)യിൽ നിന്ന്; പ്രവാചകൻ(സ്വ) പറയുകയുണ്ടായി: "അദ്‌വയും (രോഗം വരുന്നത് അല്ലാഹുവിന്റെ വിധിയുടെ ഭാഗമല്ല, മറിച്ച് രോഗം തനിയെ വരുന്നതാണെന്ന വിശ്വാസം), ദുശ്ശകുനവും (പക്ഷികളെ പറപ്പിച്ചുകൊണ്ട് ഭാഗ്യപരീക്ഷണം നടത്തൽ), മയ്യിത്തിന്റെ എല്ലുകൾ പക്ഷികളായി രൂപപ്പെടുമെന്നുള്ള വിശ്വാസവും... ഇസ്‌ലാമിൽ ഇല്ലാത്തതാണ്" (ബുഖാരി, മുസ്‌ലിം).

ഏത് തരത്തിലുള്ള ദുശ്ശകുനം നോക്കലും ഇതിൽ പെടുന്നതാണ്. കറുത്ത പൂച്ച മുന്നിലൂടെ ഓടുന്നതും, പ്രഭാതത്തിൽ കാലിക്കൊട്ടയോ കാലിച്ചാക്കോ കാണുന്നതും, ചീവീട് കരയുന്നതും, ഒരു യാത്രക്ക് ഒരുങ്ങുമ്പോൾ വഴിയിൽ വെച്ച് ആരെങ്കിലും അതിനെ തടയുന്നതും, ഇടയ്ക്കു വെച്ച് ആരെങ്കിലും വാഹനത്തിൽനിന്ന് ഇറങ്ങുന്നതുമൊക്കെ ശകുനപ്പിഴയാണെന്നു വിശ്വസിക്കുന്നവരുണ്ട്. ഉപരിസൂചിത ഹദീസ് പഠിപ്പിക്കുന്നത് ഇങ്ങനെയുള്ള വിശ്വാസമെല്ലാം തെറ്റാണ് എന്നാണ്.




നബി(സ്വ) പറയുകയുണ്ടായി: "ദുശ്ശകുനം ശിർക്കാകുന്നു, ദുശ്ശകുനം ശിർക്കാകുന്നു..." (അഹ്‌മദ്. സ്വഹീഹായ ഹദീസ്).

അബ്ദുല്ലാഹിബ്‌നു അംറ്(റ) നിവേദനം. പ്രവാചകൻ(സ്വ) പറഞ്ഞു: "ആരുടെയെങ്കിലും ആവശ്യം ദുശ്ശകുനത്താൽ തടയപ്പെടുകയാണെങ്കിൽ അവൻ ശിർക്ക് ചെയ്തു." അപ്പോൾ സ്വഹാബികൾ ചോദിച്ചു: "പ്രവാചകരേ, അതിനുള്ള പ്രായശ്ചിത്തം എന്താണ്?" തിരുമേനി(സ്വ) പറഞ്ഞു: "ഇങ്ങനെ പറയലാണ്: അല്ലാഹുവേ, നിന്റെ നന്മയല്ലാതെ ഒരു നന്മയുമില്ല. നിന്റെ ശകുനമല്ലാതെ മറ്റൊരു ശകുനവുമില്ല, നീയല്ലാതെ യഥാർഥത്തിൽ ഒരു ഇലാഹുമില്ല" (അഹ്‌മദ്).

ഒരു മുസ്‌ലിം മതത്തന്റെ പേരിൽ ചെയ്യുന്ന മുഴുവൻ കാര്യങ്ങൾക്കും തെളിവ് വേണം. പ്രമാണങ്ങൾ പഠിപ്പിക്കാത്ത കാര്യങ്ങൾ മതത്തിന്റെ പേരിൽ വെച്ചുകെട്ടുന്നത് കടുത്ത അപരാധമാണ്.

"നന്മയായിട്ട് നിനക്ക് എന്തൊന്ന് വന്നുകിട്ടിയാലും അത് അല്ലാഹുവിങ്കൽനിന്നുള്ളതാണ്. നിന്നെ ബാധിക്കുന്ന ഏതൊരു ദോഷവും നിന്റെ പക്കൽനിന്നുതന്നെ ഉണ്ടാകുന്നാണ്. (നബിയേ,) നിന്നെ നാം മനുഷ്യരിലേക്കുള്ള ദൂതനായിട്ടാണ് നിയോഗിച്ചിരിക്കുന്നത്. (അതിന്) സാക്ഷിയായി അല്ലാഹു മതി" (ക്വുർആൻ 4:79).



# നിലവിളക്ക് ‘കൊളുത്തലും’ സമസ്തക്കാരുടെ നിലവിളിയും

ആരാധനയാകുന്ന ഏതെങ്കിലുമൊരു കാര്യം ഇതരമതസ്ഥരുടെ വിശ്വാസങ്ങൾ കടമെടുത്തും പകുത്തെടുത്തും നിലനിർത്തിപ്പോരേണ്ട ആവശ്യം ഇസ്‌ലാമിനോ മുസ്‌ലിംകൾക്കോ ഇല്ല. നബി(സ്വ)യിലൂടെ അല്ലാഹു സമ്പൂർണമാക്കിത്തന്ന, ഭദ്രമായൊരു ഘടനയോടെ നിലനിൽക്കുന്ന മതമാണ് ഇസ്‌ലാം. എന്നാൽ ശിയാ-സൂഫീ ആശയങ്ങളുടെ താളത്തിനും ഓളത്തിനുമനുസരിച്ച് ആദർശത്തെ മാറ്റിമറിച്ച് മുന്നോട്ട് പോകുന്ന മുസ്‌ലിയാക്കന്മാർ പ്രമാണങ്ങളെക്കാൾ മറ്റു പലരുടെയും വിശ്വാസങ്ങളെ അണച്ച് പിടിക്കുന്നവരാണ്.

മൂസ സ്വലാഹി കാര
: 97473 45768

ആദർശത്തിലും ആചാരത്തിലും അഹ്‌ലുസ്സുന്നയിൽനിന്ന് ബഹുദൂരം വ്യതിചലിച്ച സമസ്ത മുസ്‌ലിയാക്കന്മാർ അവരുടെ ദുർബല നിലപാടുകൾകൊണ്ട് പലപ്പോഴും വലയാറുണ്ട്. സമസ്ത തങ്ങളുടെ മുഖമുദ്രയായി സംരക്ഷിച്ചുപോരുന്ന ജാറങ്ങളിലും മക്ബറകളിലും നടമാടിക്കൊണ്ടിരിക്കുന്ന അന്ധവിശ്വാസങ്ങളെ അലങ്കരിക്കുന്നതിനും വർണാഭമാക്കുന്നതിനും വേണ്ടി പലതും കാട്ടിക്കൂട്ടുന്നവരാണ് മുസ്‌ലിയാക്കന്മാർ. എണ്ണ, തിരി, പട്ട്, നിലവിളക്ക്, പൂവ്, ചന്ദനത്തിരി എന്നിവയെല്ലാം അതിൽ പ്രധാനപ്പെട്ടവയാണ്.

ആരാധനയാകുന്ന ഏതെങ്കിലുമൊരു കാര്യം ഇതരമതസ്ഥരുടെ വിശ്വാസങ്ങൾ കടമെടുത്തും പകുത്തെടുത്തും നിലനിർത്തിപ്പോരേണ്ട ആവശ്യം ഇസ്‌ലാമിനോ മുസ്‌ലിംകൾക്കോ ഇല്ല. നബി(സ്വ)യിലൂടെ അല്ലാഹു സമ്പൂർണമാക്കിത്തന്ന, ഭദ്രമായൊരു ഘടനയോടെ നിലനിൽക്കുന്ന മതമാണ് ഇസ്‌ലാം. എന്നാൽ ശിയാ-സൂഫീ ആശയങ്ങളുടെ താളത്തിനും ഓളത്തിനുമനുസരിച്ച് ആദർശത്തെ മാറ്റിമറിച്ച് മുന്നോട്ട് പോകുന്ന മുസ്‌ലിയാക്കന്മാർ പ്രമാണങ്ങളെക്കാൾ മറ്റു പലരുടെയും വിശ്വാസങ്ങളെ അണച്ച് പിടിക്കുന്നവരാണ്. നിലവിളക്കിനെ തങ്ങളുടെ വിശ്വാസത്തിന്റെയും ആരാധനയുടെയും മറ്റും ഭാഗമായി വളരെ ആദരവോടെ കണ്ട് വരുന്നവരാണ് ഹൈന്ദവർ. ഇതേ നിലവിളക്കിനെ മതത്തെ മറയാക്കി ജാറങ്ങളിൽ പ്രതിഷ്ഠിച്ചവരാണ് സമസ്ത മുസ്‌ലിയാക്കന്മാർ.


സുപ്രഭാതം

അനിസ്‌ലാമിക ആചാരങ്ങൾ വർജിക്കുക: സമസ്ത

കോഴിക്കോട് ▸ പരിശുദ്ധ ഇസ്‌ലാമിൽ അടിസ്ഥാനമില്ലാത്തതും ഇതരമതക്കാർ അവരുടെ മതാചാരമായി നിർവഹിച്ചുവരുന്നതുമായ ചടങ്ങുകളും ആചാരങ്ങളും മുസ്‌ലിംകൾ വർജിക്കണമെന്ന് കോഴിക്കോട്ട് ചേർന്ന സമസ്ത കേരള ജംഇയ്യതുൽ ഉലമ കേന്ദ്ര മുശാവറ യോഗം ആഹ്വാനം ചെയ്തു.

നിലവിൽ നടക്കുന്ന നിലവിളക്ക് വിവാദം സംബന്ധിച്ച ചർച്ചയിലാണ് മുശാവറ യോഗം മേൽതീരുമാനം കൈക്കൊണ്ടത്. പ്രത്യേക ആചാരങ്ങളിൽ നിലവിളക്ക് കത്തിക്കൽ ഒരു പ്രത്യേക മത ചടങ്ങായി കാലങ്ങളായി അമുസ്‌ലിംകൾ നിർവഹിച്ചുവരുന്ന കാര്യമാണ്. അത്തരം ആചാരങ്ങൾ നടത്തിവരുന്ന അമുസ്‌ലിംകൾ അതിന് അടിസ്ഥാനമാക്കിയിട്ടുള്ള ഇസ്‌ലാം വിരുദ്ധ വിശ്വാസങ്ങൾ ഉൾക്കൊള്ളുകയും അടിസ്ഥാനമാക്കുകയും ചെയ്യുകൊണ്ട് ഒരു മുസ്‌ലിം അങ്ങനെ പ്രവർത്തിച്ചാൽ അത് ഇസ്‌ലാമിൽനിന്ന് പുറത്തുപോകാൻ കാരണമാകുന്നതാണ്. മറിച്ച് അത്തരം വിശ്വാസങ്ങൾ ഉൾക്കൊള്ളാതെയും അടിസ്ഥാനമാക്കാതെയും അമുസ്‌ലിംകളോട് സാദൃശ്യം പുലർത്തുക എന്ന നിലയിലാണ് അതു ചെയ്യുന്നതെങ്കിൽ ആ പ്രവൃത്തി നിഷിദ്ധവും കുറ്റകരവുമാണ്. എന്നാൽ ഒരാൾ വെളിച്ചം മാത്രം ഉദ്ദേശിച്ച് മറ്റു വിളക്കുകളെ പോലെ വെളിച്ചം ലഭിക്കാനുള്ള ഒരു ഉപാധി എന്ന നിലയിൽ നിലവിളക്ക് കത്തിച്ച് ഉപയോഗപ്പെടുത്തുകയാണെങ്കിൽ അത് അനുവദനീയവുമാണ്. നമ്മുടെ രാജ്യത്തിന്റെ ഐക്യവും സൗഹാർദവും നിലനിർത്തുന്നതോടൊപ്പം ഇത്തരം കാര്യങ്ങൾ ലാഘവത്തോടെ കാണാതെ എല്ലാവരും സൂക്ഷിക്കേണ്ടതാണെന്നും സമസ്ത മുശാവറ ഉപദേശിച്ചു.

സമസ്ത കേരള ജംഇയ്യതുൽ മുഅല്ലിമീൻ സെൻട്രൽ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന ത്രൈമാസ ആദർശ കാംപയിൻ വിജയിപ്പിക്കാനും യോഗം ആഹ്വാനം ചെയ്തു. സമസ്ത നൂറാം വാർഷികത്തിന്റെ ഭാഗമായി പ്രഖ്യാപിച്ച പദ്ധതികൾ മുൻഗണനാക്രമത്തിൽ നടപ്പാക്കുന്നതു സംബന്ധിച്ച് സ്വീകരിച്ച തീരുമാനങ്ങൾക്ക് നിയോഗിച്ച സമിതിയുടെ റിപ്പോർട്ടും അംഗീകാരം നൽകി.

പ്രസിഡന്റ് സയ്യിദ് മുഹമ്മദ് ജിഫ്രി മുത്തുക്കോയ തങ്ങൾ അധ്യക്ഷനായി. സെക്രട്ടറി എം.ടി അബ്ദുല്ല മുസ്‌ലിയാർ സ്വാഗതം പറഞ്ഞു. എം.പി കുഞ്ഞി മുഹമ്മദ് മുസ്‌ലിയാർ നെല്ലായ, പി.കെ മൂസക്കുട്ടി ഹസ്രത്ത്, കെ ഉമർ ഫൈസി മുക്കം, കെ.ടി ഹംസ മുസ്‌ലിയാർ, കെ ഹൈദർ ഫൈസി പാനങ്ങാങ്ങര, എ.വി അബ്ദുറഹിമാൻ മുസ്‌ലിയാർ, വി. മൂസക്കോയ മുസ്‌ലിയാർ, പി.കെ ഹംസക്കുട്ടി മുസ്‌ലിയാർ ആദൃശേരി, പി.എം അബ്ദുസ്സലാം ബാഖവി വടക്കേക്കാട്, എ.ബി ഉസ്മാൻ ഫൈസി, ബി.കെ അബ്ദുൽ ഖാദർ അൽഖാസിമി ബംബ്രാണ, ഐ.എസ് ഹംസ ഫൈസി, എൻ.കെ അബ്ദുൽ ഖാദർ മുസ്‌ലിയാർ പൈങ്കണ്ണിയൂർ, എ.വി ഇസ്മാഈൽ മുസ് ലിയാർ, അസ്ഗറലി ഫൈസി പട്ടിക്കാട്, ഉസ്മാനുൽ ഫൈസി തോടാർ, സി.കെ സൈതലിക്കുട്ടി ഫൈസി കോറാട്, ഒളവണ്ണ അബൂബക്കർ ദാരിമി, എം.എം അബ്ദുല്ല ഫൈലി എടപ്പാല, ഡോ. സി.കെ അബ്ദുറഹ്മാൻ ഫൈസി അരിപ്ര, ടി.കെ അബൂബക്കർ മുസ്‌ലിയാർ വെളിമുക്ക്, പി.വി അബ്ദുസ്സലാം ദാരിമി ആലമ്പാടി, പി. സൈതാലി മുസ് ലിയാർ മാമ്പുഴ, ബഷീർ അബ്ദു ഫൈസി ചീക്കോന്ന്, ഇ. അലവി ഫൈസി കുളപ്പറമ്പ്, മുഹമ്മദ് ശരീഫ് ബാഖവി വേശാല സംസാരിച്ചു.

നിലവിളക്കിനെ ഇസ്‌ലാമിന്റെ അടയാളമാക്കി ഇവർ പ്രദർശിപ്പിക്കുമ്പോൾ വിമർശന അസ്ത്രങ്ങളും പ്രതികരണ പ്രഹരങ്ങളും ഏൽക്കുന്നത് അഹ്‌ലുസ്സുന്നക്കും അതിന്റെ വക്താക്കൾക്കുമാണ്. നിലവിളക്ക് കൊളുത്തുന്നതിനോട് സമസ്തയുടെ സമീപനം എന്താണെന്ന് അവരുടെ ഔദ്യോഗിക പത്രത്തിൽ നിന്നുതന്നെ വായിക്കാം:

"ചോ: മഹാൻമാരുടെ മഖ്ബറകളിലും ചില പള്ളികളിലും നിലവിളക്ക് കത്തിക്കുക പതിവുണ്ട്. വൈദ്യുതിവെളിച്ചം ഉള്ളപ്പോഴും ഇത് കത്തിക്കുന്നു. ഇത് അനുവദനീയമാണോ? തദാവശ്യത്തിന് എണ്ണ കത്തിക്കാമോ?"

"ഉ: മഹാന്മാരുടെ മഖ്ബറകളിൽ നിലവിളക്ക് കത്തിക്കുന്നത് വെളിച്ചത്തിന് വേണ്ടി മാത്രമല്ല, മഹാന്മാരോടുള്ള ആദരവ് കൂടി അതിന്റെ പിന്നിലുണ്ട്. അത് കൊണ്ടാണ് വൈദ്യുതി വെളിച്ചം ഉള്ളപ്പോഴും പ്രസ്തുത വിളക്ക് കത്തിക്കുന്നത്. അനുവദനീയമാണെന്ന് മാത്രമല്ല പുണ്യകർമ്മവും കൂടിയാണ്. അപ്പോൾ അതിന് എണ്ണയും നേർച്ചയാക്കാവുന്നതാണല്ലോ" (സുന്നി വോയ്സ്/1986 നവംബർ 21-27/ പേജ് 10).

**ജാറം കെട്ടിപ്പൊക്കൽ തന്നെ മതവിരുദ്ധമാണ്. എന്നിരിക്കെ, അതിന്റെ ചാരത്ത് നിലവിളക്ക് അനുവദനീയമാണ്, പുണ്യമാണ് എന്നെല്ലാം വിധിക്കുന്നതിൽ എന്ത് അർഥമാണുള്ളത്? ഉത്തമ തലമുറയിൽ പെട്ടവർ ഏതെങ്കിലും നിലക്കൊരു വെളിച്ചം ഏറ്റവും വലിയ മഹാന്മാരായ സ്വഹാബത്തിന്റെ ഖബ്റിടത്തിൽ ആദരവിനായോ മറ്റോ സംവിധാനിച്ചതായി ചരിത്രത്തിലുണ്ടോ? ജാറങ്ങളിലുള്ളവരുടെ കുരുത്തവും പൊരുത്തവും ലക്ഷ്യം വെച്ച് മാത്രം കത്തിക്കപ്പെടുന്നതിനെ സന്ദർശകർക്ക് വെളിച്ചം കിട്ടാൻ എന്നാക്കി അവതരിപ്പിക്കുന്നത് കാപട്യമല്ലേ?**

മറ്റൊരു മുസ്‌ലിയാർ എഴുതിയത് കൂടി വായിക്കാം: "മഖ്ബറകളിൽ ആവശ്യത്തിനു വെളിച്ചം ഏർപ്പെടുത്തണം. സിയാറത്ത് ചെയ്യുന്നവർക്കോ മറ്റോ പ്രയോജനപ്പെടുമെങ്കിൽ വിളക്കു കത്തിക്കൽ സുന്നത്താണ്. വലിയ്യുകളാണെന്ന് പ്രസിദ്ധരായ മഹാത്മാക്കളുടെ ഖബറിടങ്ങളിൽ രാപകൽ ഭേദമന്യേ സിയാറത്തിനാളുകളുണ്ടായേക്കാം. അവരുടെ സൗകര്യാർത്ഥം നിരന്തരമായി വിളക്കുകത്തിക്കൽ അനിവാര്യതയും പുണ്യകർമ്മവുമാണ്. അപ്രകാരം ആവശ്യത്തിനു മാത്രം വിളക്കുകത്തിക്കുന്നതിന് നേർച്ചയാക്കലും പുണ്യം നിറഞ്ഞതാണ്" (മഖ്ബറ; ആചാരവും അനാചാരവും/പി.എസ്.കെ മൊയ്തു ബാഖവി മാടവന/പേജ് 35).

ജാറങ്ങളിൽ കത്തിക്കപ്പെടുന്ന നിലവിളക്കിന്റെ 'വിശ്വാസ രഹസ്യം' ഒരു മുസ്‌ലിയാർ തുറന്നെഴുതിയത് കാണുക: "അന്നത്തെ വിളക്കത്തിരിക്കൽ ഇന്നില്ല. എന്നാൽ, വിളക്ക് നീക്കം ചെയ്യുകയോ കത്തിക്കാതിരിക്കുകയോ ചെയ്യുന്നുമില്ല. ആ വിളക്ക് ഇന്നും കത്തിക്കുന്നുണ്ട്. അത് ആസാറും തബർറു(മഹാന്മാർ ഉപയോഗിച്ചത് എന്ന മഹത്തവും)ക്കും നിലനിർത്താനാണ്. അല്ലാതെ, തെറ്റായ ഒരു വിശ്വാസവും ആചാരവും ആ വിളക്കിന്റെ പേരിൽ ഒരാളും വിശ്വസിക്കുകയോ പ്രവർത്തിക്കുകയോ ചെയ്യുന്നില്ല" (സുന്നി അഫ്കാർ/2015 ആഗസ്റ്റ് 19/പേജ് 13). ഖബ്റികൽ കത്തിച്ചു വെക്കുന്ന വിളക്ക് അതിൽ കിടക്കുന്ന മഹാന്മാർ ഉപയോഗിച്ചതാണത്രെ!

നിലവിളക്ക് കൊളുത്തുന്നതിനെക്കുറിച്ച് ഇസ്‌ലാമിൽ 'അനിവാര്യം,' 'അനുവദനീയം,'

**മുഴുവൻ സമയവും ജാറങ്ങളിൽ നിലവിളക്ക് കത്തിച്ച് വെക്കുന്ന പുരോഹിതന്മാരാണ് നിലവിളക്ക് കൊളുത്തിയ ജനപ്രതിനിധിക്കുനേരെ ഉറഞ്ഞ് തുള്ളി അതിനെ ചോദ്യം ചെയ്യാൻ മുതിർന്നിരിക്കുന്നത് എന്നതാണ് രസകരം! അതോടെ അവർ വെട്ടിലായിരിക്കുകയാണ്!**


'പുണ്യം' എന്നിങ്ങനെ വിധി പുറപ്പെടുവിക്കണമെങ്കിൽ അതിന് പ്രമാണ പിൻബലം അനിവാര്യമല്ലേ? നബി(സ്വ)ക്കോ സ്വഹാബത്തിനോ പരിചയമില്ലാത്ത ഒരു കാര്യം എങ്ങനെയാണ് മതത്തിൽ അനിവാര്യവും പുണ്യ കർമവുമൊക്കെ ആയിത്തീരുക?

ജാറം കെട്ടിപ്പൊക്കൽ തന്നെ മതവിരുദ്ധമാണ്. എന്നിരിക്കെ, അതിന്റെ ചാരത്ത് നിലവിളക്ക് അനുവദനീയമാണ്, പുണ്യമാണ് എന്നെല്ലാം വിധിക്കുന്നതിൽ എന്ത് അർഥമാണുള്ളത്? ഉത്തമ തലമുറയിൽ പെട്ടവർ ഏതെങ്കിലും നിലക്കൊരു വെളിച്ചം ഏറ്റവും വലിയ മഹാന്മാരായ സ്വഹാബത്തിന്റെ ഖബ്റിടത്തിൽ ആദരവിനായോ മറ്റോ സംവിധാനിച്ചതായി ചരിത്രത്തിലുണ്ടോ? ജാറങ്ങളിലുള്ളവരുടെ കുരുത്തവും പൊരുത്തവും ലക്ഷ്യം വെച്ച് മാത്രം കത്തിക്കപ്പെടുന്നതിനെ സന്ദർശകർക്ക് വെളിച്ചം കിട്ടാൻ എന്നാക്കി അവതരിപ്പിക്കുന്നത് കാപട്യമല്ലേ?

മുസ്‌ലിംകളിൽനിന്ന് രാഷ്ട്രീയ, സാംസ്കാരിക മേഖലകളിൽ ഇടപെടുന്നവർ നിലവിളക്ക് കൊളുത്തുകയോ അതിനെ ന്യായീകരിക്കുകയൊ ചെയ്യുമ്പോൾ അവരെ ഗുണകാംക്ഷയോടെ തിരുത്തുക എന്നത് പണ്ഡിതന്മാരുടെ ബാധ്യതയാണ്. കാരണം അത് തികച്ചും ഹൈന്ദവ ആചാരമാണ്. അത് കൊളുത്തുന്നതിൽ കൃത്യമായ ആചാരപരമായ രീതിയുണ്ട്. വെറുതെയങ്ങ് മെഴുകുതിരി കത്തിക്കുന്നതു പോലെ അവർ നിലവിളക്ക് കൊളുത്താറില്ല. അവരുടെ വിശ്വാസമനുസരിച്ച് ചെയ്യാനുള്ള സ്വാതന്ത്ര്യം അവർക്കുണ്ട്.

മുഴുവൻ സമയവും ജാറങ്ങളിൽ നിലവിളക്ക് കത്തിച്ച് വെക്കുന്ന പുരോഹിതന്മാരാണ് നിലവിളക്ക് കൊളുത്തിയ ജനപ്രതിനിധിക്കുനേരെ ഉറഞ്ഞ് തുള്ളി അതിനെ ചോദ്യം ചെയ്യാൻ മുതിർന്നിരിക്കുന്നത് എന്നതാണ് രസകരം! അതോടെ അവർ വെട്ടിലായിരിക്കുകയാണ്!

സമസ്ത മുശാവറയുടെ 'അനിസ്‌ലാമിക ആചാരങ്ങൾ വർജിക്കുക' എന്ന പുതിയ പ്രസ്താവന പ്രകാരം മഹാന്മാ



രോട് ആദരവ് കാണിക്കാനുള്ള 'പുണ്യ പ്രവൃത്തി' വെറും 'വെളിച്ചത്തിന് വേണ്ടിയുള്ള' വിളക്ക് കത്തിക്കലായി മാറിയിരിക്കുന്നു! സമസ്തക്ക് വല്ലാത്തൊരു പൊല്ലാപ്പ് തന്നെയാണിത്.

"എന്നാൽ ഒരാൾ വെളിച്ചം മാത്രം ഉദ്ദേശിച്ച് മറ്റു വിളക്കുകളെ പോലെ വെളിച്ചം ലഭിക്കാനുള്ള ഒരു ഉപാധി എന്ന നിലയിൽ നിലവിളക്ക് കത്തിച്ച് ഉപയോഗപ്പെടുത്തുകയാണെങ്കിൽ അത് അനുവദനീയവുമാണ്" (സുപ്രഭാതം/ 5/ 6/2026, വെള്ളി).

"നിലവിളക്ക് വിവാദത്തിൽ ഇതര മതക്കാർ അവരുടെ മതാചാരമായി നിർവഹിച്ചുവരുന്ന ചടങ്ങുകളും ആചാരങ്ങളും മുസ്‌ലിംകൾ വർജിക്കണമെന്ന് സമസ്ത മുശാവറ യോഗം ആഹ്വാനം ചെയ്തു. അതേസമയം, ഒരാൾ വെളിച്ചം മാത്രം ഉദ്ദേശിച്ച് മറ്റ് വിളക്കുകളെപോലെ നിലവിളക്ക് കത്തിച്ചാൽ അത് അനുവദനീയമാണെന്നും കേന്ദ്ര മുശാവറ യോഗം വ്യക്തമാക്കി" (മാധ്യമം /6/6/2026 ശനി/പേജ് 10).

ജാറത്തിങ്കൽ നിലവിളക്ക് കത്തിച്ചുവെക്കുന്നത് വെളിച്ചം കിട്ടാൻ വേണ്ടി മാത്രമാണെങ്കിൽ, വൈദ്യുതിയും ജനറേറ്ററും ഇൻവർട്ടറുമൊക്കയുള്ള വർത്തമാനകാലത്തും (പുതുതായി ഉണ്ടാക്കപ്പെടുന്ന ജാറങ്ങളിലും) എന്തിനാണ് നിലവിളക്ക് ഒരുക്കുന്നത്. പല വർണങ്ങളിലുമുള്ള വേണ്ടുവോളം വെളിച്ചം അവിടെ ഏർപ്പെടുത്തുന്നുണ്ടല്ലോ!

പുതിയ പ്രഖ്യാപിത നിലപാട് മാനിച്ച് സമസ്തയുടെ സകല ജാറങ്ങളും 'നിലവിളക്ക് മുക്ത' ജാറങ്ങളാക്കാനും 'അനുവദനീയം' എന്ന വിധി തിരുത്തിയെഴുതി പ്രചരിപ്പിക്കാനും മുശാവറ തയ്യാറാകുമോ?

സമസ്തയുടെ അംഗീകൃത മുഫ്തി പൊന്മള അബ്ദുൽ ഖാദിർ മുസ്‌ലിയാർ എഴുതിയ ഫത്‌വ കൂടി കാണുക: "ഈ വിശദീകരണത്തിൽനിന്ന്, വെളിച്ചത്തിന് വേണ്ടി ട്യൂബുകൾ പ്രകാശിക്കുന്നതോടെ നിലവിളക്ക് കത്തിക്കുന്നത് തെറ്റാണെന്നും അതിലേക്ക് എണ്ണയും മറ്റും നേർച്ചയാക്കുന്നത് സാധുവല്ലെന്നും വ്യക്തമാകും. മാത്രമല്ല ഹൈന്ദവാചാരത്തെ കേവലം അനുകരിക്കലാണുദ്ദേശ്യമെങ്കിൽ ഹറാമും അനുകരിക്കലുദ്ദേശ്യമില്ലെങ്കിൽ കറാഹത്തുമാണെന്ന് ബിഗ്‌യ പേജ് 156ൽ നിന്ന് വ്യക്തമാകും. ഹറാമും കറാഹത്തുമായ കാര്യം വേണ്ടെന്ന് വെക്കുന്നത് എങ്ങനെ തെറ്റാകും?" (ഫതാവാ മുഹ്‌യിസ്സുന്ന: സമ്പൂർണം/പേജ് 395,396).

ഇതര മതസ്ഥർ അവരുടെ മതത്തിന്റെ ഭാഗമായി കാണുന്ന നിലവിളക്ക് കൊളുത്തലിന്റെ മേന്മ പറയുന്ന മുസ്‌ലിയാക്കന്മാർ നബി(സ്വ)യുടെ താക്കീത് ശ്രദ്ധിക്കുക: ഇബ്നു ഉമറ(റ)ൽ നിന്ന്, നബി(സ്വ) പറഞ്ഞു: 'ഒരാൾ ഏതെങ്കിലുമൊരു സമൂഹത്തോട് സാദൃശ്യം കാണിച്ചാൽ അവൻ അവരിൽപ്പെടും' (അബൂദാവൂദ്).

ഇബ്നു ഖുദാമ(റ) അദ്ദേഹത്തിന്റെ 'മുഗ്നി'യിൽ ക്വബ്ർ കൊട്ടിപ്പൊക്കുന്നതും അതിനടുത്ത് വിളക്ക് കത്തിക്കുന്നതും അനുവദനീയമല്ലെന്ന് ഉണർത്തിയിട്ടുണ്ട്. ശാഫിഈ മദ്ഹബിലെ, സമസ്തക്ക് സ്വീകാര്യനായ ഇമാമായ ഇബ്നു ഹജർ ഹൈതമി തന്റെ 'അസ്സവാജിർ' എന്ന ഗ്രന്ഥത്തിൽ ഇതിനെ വൻ പാപമായിട്ടാണ് എണ്ണിയിട്ടുള്ളത്.

ജീവിതത്തെ അല്ലാഹുവിന് സമർപ്പിച്ചും ആത്മാർഥമായി അവനെ ആരാധിച്ചും കഴിയുന്ന ഒരു മുസ്‌ലിമിന്റെ എപ്പോഴത്തേയും നിലപാട് 'ഞങ്ങൾ അവന്ന് (അല്ലാഹുവിന്ന്) കീഴ്പെട്ട് ജീവിക്കുന്നവരുമാകുന്നു' (ക്വുർആൻ 2:136) എന്നായിരിക്കും. ■

# ചുണ്ടിൽ ചായം തേക്കൽ; നേട്ടം ആർക്ക്?

ഹനീന ടികെ

ഒരു പൂവിന്റെ ഇതളുകളിലോ പുലർകാലത്തെ കിഴക്കൻ ചക്രവാളത്തിലോ ഭംഗി കൂട്ടാനായി ആരും ചായം പൂശേണ്ടതില്ല. പ്രകൃതി അതിന്റെ സ്വാഭാവികതയിലാണ് ഏറ്റവും സുന്ദരമാകുന്നത്. എന്നാൽ, കപടതകളില്ലാത്തതും നിഷ്കളങ്കതയുടെയും തനിമയുടെയും വസന്തവുമാകേണ്ട നമ്മുടെ കൗമാരക്കാരികളുടെ മുഖങ്ങൾ ഇന്ന് കോർപ്പറേറ്റ് കമ്പനികളുടെ പരീക്ഷണശാലകളായി മാറിക്കൊണ്ടിരിക്കുകയാണ്. സ്വന്തം സ്വാഭാവിക രൂപത്തെ ഇഷ്ടപ്പെടുന്നതിനു പകരം, കണ്ണാടിയുടെ മുന്നിൽ മണിക്കൂറുകൾ നിന്ന് മേക്കപ്പിന്റെ ബാഹ്യപാളികൾക്കുള്ളിൽ സ്വന്തം വ്യക്തിത്വത്തെ ഒളിപ്പിക്കാൻ ഒരു തലമുറയെ പ്രേരിപ്പിക്കുന്നത് ആരാണ്?

ആധുനിക സമൂഹത്തിൽ സൗന്ദര്യം എന്നത് കോർപ്പറേറ്റ് കമ്പനികളും സോഷ്യൽ മീഡിയയും നിശ്ചയിക്കുന്ന കൃത്രിമമായ ചില അളവുകോലുകളായി മാറിയിരിക്കുന്നു. വെളുത്ത നിറം, തികവുറ്റ ചർമം, അളന്നുവെച്ച ശരീരവടിവുകൾ എന്നിവയാണ് യഥാർഥ സൗന്ദര്യമെന്ന് പരസ്യങ്ങളിലൂടെയും ഇൻഫ്ളുവൻസർമാരിലൂടെയും നമ്മുടെ മനസ്സുകളിലേക്ക് നിരന്തരം കുത്തിവെക്കപ്പെടുകയാണ്. മനുഷ്യസഹജമായ ചെറിയ വ്യത്യാസങ്ങളെപ്പോലും 'കുറവുകളായി' ചിത്രീകരിച്ച് കൗമാരക്കാരിലും പെൺകുട്ടികളിലും കടുത്ത അപകർഷബോധം വളർത്തുക എന്നതാണ് ഈ ആഗോള വിപണിയുടെ തന്ത്രം. ഈ കെണിയിൽ അകപ്പെടുന്നതോടെ, നഷ്ടപ്പെട്ട ആത്മവിശ്വാസം വീണ്ടെടുക്കാൻ വേണ്ടി പെൺകുട്ടികൾ ഒന്നിനുപിറകെ ഒന്നിനായി സൗന്ദര്യവർധക വസ്തുക്കളും ചികിത്സകളും തേടിപ്പോകുന്നു.

ബാഹ്യസൗന്ദര്യത്തിന് പുറകെയുള്ള ഈ അന്ധമായ ഓട്ടം സ്ത്രീകളുടെ ശാരീരികവും മാനസികവുമായ ആരോഗ്യത്തെ ദോഷകരമായി ബാധിക്കുന്നുണ്ട്. അന്താരാഷ്ട്ര പഠനങ്ങൾ വ്യക്തമാക്കുന്നത് പ്രമുഖ ബ്രാൻഡ് ലിപ് സ്റ്റിക്കുകളിലും മേക്കപ്പ് സാധനങ്ങളിലും നാഡീവ്യൂഹത്തെ തകരാറിലാക്കുന്ന മാരക ലോഹങ്ങൾ അടങ്ങിയിട്ടുണ്ടെന്നാണ്.

ഈ പശ്ചാത്തലത്തിലാണ് വിദ്യാലയങ്ങളെ മേക്കപ്പ് വിമുക്തമാക്കാനുള്ള ചർച്ചകൾ പ്രസക്തമാകുന്നത്. അത് കേവലമൊരു അച്ചടക്കനിയമമായി മാറാതെ, കമ്പോളത്തിന്റെ ചൂഷണത്തിൽ നിന്ന് പുതിയ തലമുറയുടെ ആത്മാഭിമാനത്തെ സംരക്ഷിക്കാനുള്ള കരുതലോടെയുള്ള ഇടപെടലാകണം.

ഇസ്‌ലാം സൗന്ദര്യത്തെയോ ശരീരസംരക്ഷണത്തെയോ നിരോധിക്കുന്ന മതമല്ല. വൃത്തിയും വെടിപ്പുമുള്ള ജീവിതത്തെ ഇസ്‌ലാം വിശ്വാസത്തിന്റെ ഭാഗമായി പ്രോത്സാഹിപ്പിക്കുകയാണ് ചെയ്യുന്നത്. ഓരോ മനുഷ്യനെയും ഏറ്റവും മനോഹരമായ ഘടനയിലാണ് അല്ലാഹു സൃഷ്ടിച്ചിരിക്കുന്നത്. അല്ലാഹു പറയുന്നു: "തീർച്ചയായും മനുഷ്യനെ നാം ഏറ്റവും നല്ല ഘടനയോടുകൂടി സൃഷ്ടിച്ചിരിക്കുന്നു" (ഖുർആൻ 95:4).

ഈ പ്രകൃതിദത്തമായ വൈവിധ്യത്തെ നാം നെഞ്ചേറ്റുകയാണ് വേണ്ടത്. ഒരു സ്ത്രീ തന്റെ തനിമ നിലനിർത്തിക്കൊണ്ട് കുടുംബത്തിനകത്തും തനിക്കനുവദിക്കപ്പെട്ടവർക്ക് മുന്നിലും അലങ്കാരങ്ങൾ ഉപയോഗിക്കുന്നതിൽ തെറ്റില്ല. എന്നാൽ, അത് അന്യരുടെ ശ്രദ്ധയാകർഷിക്കാനുള്ള പ്രദർശനവസ്തുവായി പൊതുസമൂഹത്തിൽ ഉപയോഗിക്കുമ്പോൾ, അത് ഇസ്‌ലാമിന്റെ അടിസ്ഥാന സൗന്ദര്യമായ 'ഹയാഅ്' (ലജ്ജ) എന്ന മൂല്യത്തിന് വിരുദ്ധമായി മാറുന്നു. മുഹമ്മദ് നബി(സ്വ) പഠിപ്പിച്ചു: "ലജ്ജ എന്നത് വിശ്വാസത്തിന്റെ ശാഖകളിൽ പെട്ടതാകുന്നു" (സ്വഹീഹുൽ ബുഖാരി).

ചുണ്ടിലെ കൃത്രിമ ചായങ്ങൾ അൽപം ജലസ്പർശത്തിൽ അലിഞ്ഞു പോയേക്കാവുന്നതാണ്. എന്നാൽ വിശ്വാസത്തിന്റെ വെളിച്ചം കൊണ്ട് ഹൃദയത്തിന്റെ ആഴങ്ങളിൽ തീർക്കുന്ന സൗന്ദര്യം മരണത്തിനപ്പുറവും മങ്ങാത്ത പ്രകാശമായി അവശേഷിക്കും. ■



അല്ലാഹു ഒരാൾക്ക് നൽകിയതിൽ ബറകത്ത് ലഭിക്കാതിരുന്നാൽ, അവൻ അനേകം നന്മകളിൽ നിന്ന് വഞ്ചിതനാകും. ധനം ധാരാളം ഉണ്ടായിട്ടും പലരും അതിൽ സംതൃപ്തരല്ലാതെ അസ്വസ്ഥമാകുന്നത് കാണാം, ഇത് ബറകത്ത് നീക്കപ്പെട്ടതിന്റെ ലക്ഷണമാണ്. മാതാപിതാക്കൾക്ക് യാതൊരു ഗുണവും ചെയ്യാത്ത മക്കളുണ്ട്. ആ മാതാപിതാക്കൾക്ക് അവരുടെ സന്തതി കളിൽ അല്ലാഹു ബറകത്ത് നൽകിയിട്ടില്ല എന്നർഥം.
ഉള്ളത് കുറച്ചാണെങ്കിലും അതിൽ ബറകത്ത് ലഭിച്ചാൽ വലിയ സമാധാനവും സംതൃപ്തിയുമുണ്ടാകും. അതിനായി നാം പ്രാർഥിക്കൽ അനിവാര്യമാണ്.

# വീട് അനുഗൃഹീതമാകണോ?

## അബ്ദു റഊഫ് അൽഹികമി

**4) വീടുകളിൽ ക്വുർആൻ പാരായണം നിർവഹിക്കപ്പെടണം**

ക്വുർആൻ പാരായണവും പഠനവും അതുല്യമായ ആരാധനയാണ്. വിശുദ്ധ ക്വുർആൻ പാരായണം ചെയ്യപ്പെടുന്ന വീട്ടിൽ ബറകത്ത് ലഭിക്കുകയും അതിലുള്ളവരുടെ മനസ്സിന് ശാന്തി ലഭിക്കുകയും ചെയ്യും.

അബൂഹുറയ്റ(റ) പറയുന്നു: "ക്വുർആൻ പാരായണം ചെയ്യപ്പെടുന്ന വീട്ടിൽ നന്മ വർധിക്കും, അതിലെ ആളുകൾക്ക് വിശാലത നൽകപ്പെടും, മലക്കുകൾ അവിടെ സന്നിഹിതരാകും, പിശാചുക്കൾ അതിൽനിന്ന് അകലം പാലിക്കും. എന്നാൽ ക്വുർആൻ പാരായണം ചെയ്യപ്പെടാത്ത വീട്ടിൽ താമസിക്കുന്നവർക്ക് പലതരത്തിലുള്ള ബുദ്ധിമുട്ടുകളുണ്ടാകും, ബറകത്ത് നഷ്ടപ്പെടും, മലക്കുകൾ അവിടെനിന്ന് വിട്ടുപോകും, പിശാചുക്കൾ അവിടെ സാന്നിധ്യം പുലർത്തും."

**മലക്കുകൾ വീടുകളിൽ പ്രവേശിക്കുന്നത് തടയുന്ന ചില കാര്യങ്ങളുണ്ട്; അവ ബറകത്ത് നഷ്ടപ്പെടുത്തും. ഉദാഹരണമായി, സ്മരണയ്ക്കായോ മറ്റോ വെക്കുന്ന ജീവനുള്ളവയുടെ ചിത്രങ്ങൾ, അത്തരം ചിത്രങ്ങളുള്ള വസ്ത്രങ്ങൾ എന്നിവ. ഇത്തരം ചിത്രങ്ങളും രൂപങ്ങളുമുള്ള വീടുകളിൽ കാരുണ്യത്തിന്റെയും രക്ഷയുടെയും മലക്കുകൾ പ്രവേശിക്കുകയില്ല. ഈ വിഷയത്തിൽ ധാരാളം ഹദീസുകൾ കാണാൻ സാധിക്കും.**

ആഇശ(റ)യിൽനിന്ന് നിവേദനം; അല്ലാഹുവിന്റെ റസൂൽ(സ്വ) പറഞ്ഞു: "ക്വുർആൻ വായിക്കപ്പെടുന്ന വീട്, ഭൂമിയിലെ ആളുകൾക്ക് നക്ഷത്രങ്ങൾ കാണുന്നതുപോലെ, ആകാശവാസികൾക്ക് ദൃശ്യമാകുന്നു."

സ്വഹാബിമാരുടെ വീടുകൾ, തേനീച്ചകളുടെ മുഴക്കത്തെപ്പോലെ ക്വുർആൻ പാരായണത്തിന്റെ ശബ്ദം മുഴങ്ങിക്കൊണ്ടിരുന്നവയായിരുന്നു.

അബൂ ഉമാമ അൽബാഹിലി(റ) പറഞ്ഞു: "അല്ലാഹുവിന്റെ ദൂതൻ(സ്വ) പറയുന്നത് ഞാൻ കേട്ടു: 'നിങ്ങൾ സൂറത്തുൽ ബക്വറ പാരായണം ചെയ്യൂ; അതിനെ സ്വീകരിക്കുന്നത് ബറകത്താണ്, അതിനെ ഉപേക്ഷിക്കുന്നത് ഖേദമാണ്. മാരണക്കാർക്ക് (സിഹ്ർ ചെയ്യുന്നവർക്ക്) അതിനെ നേരിടാൻ കഴിയില്ല" (മുസ്‌ലിം)

**5) ഐച്ഛികമായ നമസ്കാരം വീട്ടിൽ നിർവഹിക്കുക**

നിർബന്ധ നമസ്കാരങ്ങൾ പുരുഷന്മാർ പള്ളിയിൽ വെച്ചാണ് നിർവഹിക്കേണ്ടത്. എന്നാൽ സുന്നത്തായ നമസ്കാരങ്ങൾ വീട്ടിൽ വെച്ച് നിർവഹിക്കലാണ് ഉത്തമം. അതിലൂടെ ഭവനങ്ങളിൽ ബറകത്ത് ലഭിക്കും.

സൈദ് ബിൻ സാബിതി(റ)ൽനിന്ന് നിവേദനം; അല്ലാഹുവിന്റെ ദൂതൻ(സ്വ) പറഞ്ഞു: "ജനങ്ങളേ, നിങ്ങൾ നിങ്ങളുടെ വീടുകളിൽ നമസ്കരിക്കൂ. നിർബന്ധനമസ്കാരം ഒഴികെ, ഒരാളുടെ ഏറ്റവും ഉത്തമമായ നമസ്കാരം അവന്റെ വീട്ടിൽ വെച്ചുള്ളതാണ്."

ഇബ്നു ഉമറി(റ)ൽനിന്ന്; നബി(സ്വ) പറഞ്ഞിരിക്കുന്നു: "നിങ്ങളുടെ നമസ്കാരങ്ങളിൽ ചിലത് നിങ്ങളുടെ വീടുകളിൽ വെച്ച് നിർവഹിക്കുക. അവയെ നിങ്ങൾ ക്വബ്റുകളാക്കി മാറ്റരുത്."

ജാബിറി(റ)ൽനിന്ന് നിവേദനം; അല്ലാഹുവിന്റെ ദൂതൻ(സ്വ) പറഞ്ഞു: "നിങ്ങളിൽ ആരെങ്കിലും തന്റെ പള്ളിയിലെ (നിർബന്ധ) നമസ്കാരം നിർവഹിച്ചു കഴിഞ്ഞാൽ, അവൻ തന്റെ നമസ്കാരത്തിൽനിന്നും ഒരു വിഹിതം സ്വന്തം വീടിനും നൽകട്ടെ. കാരണം, അവന്റെ ആ നമസ്കാരം മുഖേന അല്ലാഹു അവന്റെ വീട്ടിൽ നന്മയുണ്ടാക്കുന്നവനാണ്."

**6) ബറകത്തിനായി പ്രാർഥിക്കുക**

ഇത് നമ്മൾ പലപ്പോഴും അവഗണിക്കുന്ന അത്യന്തം പ്രധാനപ്പെട്ട ഒരു കാര്യമാണ്. സൃഷ്ടികളിൽ ശ്രേഷ്ഠരായ നബിമാരുടെ ദുആകളിലേക്കു ശ്രദ്ധിച്ചാൽ, അവർ അവരുടെ വീടുകളിലും കുടുംബങ്ങളിലും ബറകത്ത് ലഭിക്കാനായി അല്ലാഹുവിനോട് തേടിയിരുന്നു എന്ന് കാണാം.

അല്ലാഹു ഒരാൾക്ക് നൽകിയതിൽ ബറകത്ത് ലഭിക്കാതിരുന്നാൽ, അവൻ അനേകം നന്മകളിൽ നിന്ന് വഞ്ചിതനാകും. ധനം ധാരാളം ഉണ്ടായിട്ടും പലരും അതിൽ സംതൃപ്തരല്ലാതെ അസ്വസ്ഥമാകുന്നത് കാണാം, ഇത് ബറകത്ത് നീക്കപ്പെട്ടതിന്റെ ലക്ഷണമാണ്. മാതാപിതാക്കൾക്ക് യാതൊരു ഗുണവും ചെയ്യാത്ത മക്കളുണ്ട്. ആ മാതാപിതാക്കൾക്ക് അവരുടെ സന്തതികളിൽ അല്ലാഹു ബറകത്ത് നൽകിയിട്ടില്ല എന്നർഥം.

ഉള്ളത് കുറച്ചാണെങ്കിലും അതിൽ ബറകത്ത് ലഭിച്ചാൽ വലിയ സമാധാനവും സംതൃപ്തിയുമു ണ്ടാകും. അതിനായി നാം പ്രാർഥിക്കൽ അനിവാര്യമാണ്.

നബി(സ്വ) സഹാബികൾക്ക് ബറകത്ത് ലഭിക്കുന്ന

തിനായി പ്രാർഥിച്ചിരുന്നു. നബി(സ്വ) ഒരു സ്വഹാബിക്ക് ഒരു ദീനാർ നൽകി; അതുകൊണ്ട് ഒരു ആടിനെ വാങ്ങാൻ പറഞ്ഞു. എന്നാൽ അദ്ദേഹം ആ ദീനാറിന് രണ്ട് ആടുകളെ വാങ്ങി. അവയിൽ ഒന്നിനെ ഒരു ദീനാറിന് വിറ്റു. ശേഷം ഒരു ദീനാറും ഒരു ആടുമായി നബി(സ്വ)യുടെ സന്നിധിയിൽ വന്നു. അപ്പോൾ നബി(സ്വ) അദ്ദേഹത്തിന്റെ വ്യാപാരത്തിന് ബറകത്ത് ലഭിക്കാൻ പ്രാർഥിച്ചു. അതിനുശേഷം, അദ്ദേഹം മണ്ണ് പോലും വാങ്ങിയാൽ അതിൽനിന്ന് ലാഭം ഉണ്ടാകുമായിരുന്നു.

അനസ് ബിൻ മാലികി(റ)നു വേണ്ടി നബി(സ്വ) ഇങ്ങനെ പ്രാർഥിച്ചു: "അല്ലാഹുവേ, അവന്റെ ധനത്തിലും മക്കളിലും വർധനവ് നൽകേണമേ; നീ അവന് നൽകിയ എല്ലാറ്റിലും അവനു ബറകത്ത് നൽകണമേ"(ബുഖാരി, മുസ്‌ലിം).

അങ്ങനെ അദ്ദേഹത്തിന്റെ സമ്പത്തിൽ അഭിവൃദ്ധി ലഭിച്ചു, ആയുസ്സ് വർധിച്ചു. നൂറിൽ പരം മക്കളും ചെറുമക്കളുമായി അദ്ദേഹം ധന്യനായി എന്ന് ചരിത്രത്തിൽ കാണാം .

നബി(സ്വ) തനിക്ക് ഭക്ഷണം നൽകിയവർക്ക് ബറകത്ത് ലഭിക്കാൻ ഇപ്രകാരം പ്രാർഥിക്കാറു ണ്ടായിരുന്നു: "അല്ലാഹുവേ, നീ അവർക്കു നൽകിയ ഉപജീവനത്തിൽ അവർക്കു ബറകത്ത് നൽകണമേ; അവർക്ക് നീ പൊറുത്തുകൊടുക്കുകയും അവരോട് കരുണ കാണിക്കുകയും ചെയ്യേണമേ."



**7) മലക്കുകൾ പ്രവേശിക്കാതിരിക്കാൻ കാരണമാകുന്നവ ഒഴിവാക്കുക**

മലക്കുകൾ വീടുകളിൽ പ്രവേശിക്കുന്നത് തടയുന്ന ചില കാര്യങ്ങളുണ്ട്; അവ ബറകത്ത് നഷ്ടപ്പെടുത്തും. ഉദാഹരണമായി, സ്മരണയ്ക്കായോ മറ്റോ വെക്കുന്ന ജീവനുള്ളവയുടെ ചിത്രങ്ങൾ, അത്തരം ചിത്രങ്ങളുള്ള വസ്ത്രങ്ങൾ എന്നിവ. ഇത്തരം ചിത്രങ്ങളും രൂപങ്ങളുമുള്ള വീടുകളിൽ കാരുണ്യത്തിന്റെയും രക്ഷയുടെയും മലക്കുകൾ പ്രവേശിക്കുകയില്ല. ഈ വിഷയത്തിൽ ധാരാളം ഹദീസുകൾ കാണാൻ സാധിക്കും.

**8) ഭക്ഷണവുമായി ബന്ധപ്പെട്ട മര്യാദകളിൽ സുന്നത്ത് പിന്തുടരുക**

ഭക്ഷണം കഴിക്കാൻ തുടങ്ങുമ്പോൾ ബിസ്മില്ലാഹ് പറയുകയും ഒരുമിച്ചിരുന്ന് ഭക്ഷണം കഴിക്കുകയും ചെയ്യണം. വീട്ടിൽ എല്ലാവരും ഒരുമിച്ച് ഭക്ഷണം കഴിക്കുന്നത്, പല കൈകൾ ഒരുമിച്ചു ചേരുന്നത്, ആ ഭക്ഷണത്തിൽ ബറകത്ത് ലഭിക്കുന്നതിനുള്ള കാരണങ്ങളിലൊന്നാണ്.

വഹ്ശി ബിൻ ഹർബ്(റ) പറയുന്നു: "സഹാബികൾ പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലേ, ഞങ്ങൾ ഭക്ഷണം കഴിക്കുന്നുവെങ്കിലും തൃപ്തിയുണ്ടാകുന്നില്ല.' അപ്പോൾ നബി(സ്വ) ചോദിച്ചു: 'നിങ്ങൾ വേർപിരിഞ്ഞാണോ ഭക്ഷണം കഴിക്കുന്നത്?' അവർ പറഞ്ഞു: 'അതെ.' അപ്പോൾ അദ്ദേഹം പറഞ്ഞു: 'നിങ്ങളുടെ ഭക്ഷണത്തിൽ ഒരുമിച്ച് കൂടുക, അല്ലാഹുവിന്റെ നാമം ഉച്ചരിക്കുക; അങ്ങനെ ചെയ്താൽ അതിൽ നിങ്ങൾക്കു ബറകത്ത് നൽകപ്പെടും."

# ഇത്തിരി മനുഷ്യത്വമായിക്കൂടേ?

## നസീമ വാടാനപ്പള്ളി

പുതിയ നാഷണൽ ഹൈവേ പണി പുരോഗമിക്കുന്നതിനിടയിൽ സംഭവിച്ച റോഡപകടങ്ങൾക്കു കണക്കില്ല. പൊലിഞ്ഞുപോയ ജീവനുകളുണ്ട്. പരിക്കു പറ്റി കിടപ്പിലായവരുണ്ട്. ചാവക്കാട്-കൊടുങ്ങല്ലൂർ റൂട്ടിൽ തന്നെ എത്രയോ പേർക്ക് ജീവൻ നഷ്ടമായിട്ടുണ്ട്. വാടാനപ്പള്ളിക്കടുത്തുള്ള ഏങ്ങണ്ടിയൂരിൽ ഏതാനും ദിവസം മുമ്പാണ് ഒരു സഹോദരൻ അതിരാവിലെ ടോറസ് ലോറിയുമായുണ്ടായ ആക്സിഡന്റിൽ മരണപ്പെട്ടത്. ബൈക്കിൽനിന്നും തെറിച്ചുവീണ അയാളുടെ തലയിൽ ആ വലിയ വാഹനത്തിന്റെ ടയർ കയറിയിറങ്ങി തൽക്ഷണം മരണപ്പെടുകയായിരുന്നു. അതിദാരുണമായ ആ രംഗം മൊബൈൽ ക്യാമറയിൽ പകർത്തി സോഷ്യൽ മീഡിയയിൽ ഷെയർ ചെയ്തത് അതിനെക്കാൾ നടുക്കമുണ്ടാക്കിയ ഒരു സംഭവമായിരുന്നു. ആ വീഡിയോയിലേക്ക് ഒന്നു നോക്കാനേ കഴിഞ്ഞുള്ളൂ. രണ്ടാമതൊരു നോട്ടത്തിന് മനുഷ്യത്വം മരവിച്ചിട്ടില്ലാത്തവർക്ക് കഴിയില്ല. അന്യന്റെ രക്തം പോലും റീച്ചിനും ലൈക്കിനും ഉപയോഗ പ്പെടുത്തുന്ന ഇന്നത്തെ തലമുറയെ ഭയപ്പെടേണ്ടതുതന്നെ. അതിലെ അവരുടെ ഉദ്ദേശ്യശുദ്ധി എത്ര ആലോചിച്ചിട്ടും മനസ്സിലാകുന്നില്ല.

ആ രംഗം കണ്ടപ്പോൾ ഒരുപാട് ചോദ്യങ്ങൾ ഉള്ളിൽനിന്നും ഉയർന്നു: താനായിരുന്നു ആ സ്ഥാനത്തെങ്കിൽ അയാൾ അത് ഇഷ്ടപ്പെടുമായിരുന്നോ? തന്റെ വേണ്ടപ്പെട്ടവരായിരുന്നുവെങ്കിൽ അയാൾക്ക് അതിന് കഴിയുമായിരുന്നുവോ? അയാളുടെ കുടുംബത്തിലും വേണ്ടപ്പെട്ടവരിലും കാലം ക്രമേണ മായ്ക്കുമായിരുന്ന ആ മുറിവുകൾ ഈ വീഡിയോ കറങ്ങുന്നിടത്തോളം കാലം മായുമോ? ഇവർക്കൊന്നും മനസ്സാക്ഷിയില്ലേ?

ഇത് ഒരു ഒറ്റപ്പെട്ട സംഭവമല്ല. ഈയിടെ നടന്ന വാൽപ്പാറ ദുരന്തത്തിലും ഇതേ അനുഭവമുണ്ടായല്ലോ. അപകടത്തിൽപെട്ടവരെ രക്ഷിക്കാൻ ശ്രമിക്കാതെ ചോരയിൽ കിടന്ന് പിടയുന്ന വീഡിയോ എടുക്കാൻ മൽസരിക്കുന്നു പലരും. തക്കസമയത്ത് ഹോസ്പിറ്റലിൽ എത്തിക്കാൻ വൈകിയതിനാൽ റോട്ടിൽ കിടന്ന് ചോരവാർന്ന് മരിച്ച എത്രയോ മനുഷ്യരുണ്ട്. പണ്ടൊക്കെ ഒരു അപകടമുണ്ടായാൽ കൈമെയ് മറന്ന് എല്ലാവരും രക്ഷാപ്രവർത്തനത്തിന് ഇറങ്ങുമായിരുന്നു. (ഇന്നും അങ്ങനെയുള്ളവരില്ല എന്നല്ല പറയുന്നത്). എന്നാൽ ഇന്ന് അപകടം കണ്ടാൽ പലരും ആദ്യം ചെയ്യുന്നത് തങ്ങളുടെ സെൽഫോൺ കൈയിലെടുക്കുക എന്നതാണ്. 'ചൂടുള്ള' വീഡിയോ 'ഇപ്പോൾ നടന്നത്' എന്ന ക്യാപ്ഷനിൽ സമൂഹ മാധ്യമങ്ങളിൽ പോസ്റ്റ് ചെയ്ത് അവർ സംതൃപ്തിയടയുന്നു.

ലൈക്കിനും ഷെയറിനും വേണ്ടി എന്തു തോന്നിവാസവും ചെയ്യാൻ മടിക്കാത്ത ഒരു തലമുറ വളർന്നു കൊണ്ടിരിക്കുകയാണ്. അന്യന്റെ ചോരയെ, ജീവനെ, അഭിമാനത്തെ, രഹസ്യജീവിതത്തെ...റീച്ചിനായി ഉപയോഗപ്പെടുത്തുന്നു. മരണവീട്ടിൽ പോലും കടന്നുകയറി ഇക്കൂട്ടർ അലോസരം സൃഷ്ടിക്കുന്നു.

ഓരോ ദുരന്തവാർത്തയും സോഷ്യൽ മീഡിയയിൽ ചർച്ചയാകുന്നത് വളരെ ചുരുങ്ങിയ സമയം മാത്രമാണ്. അപ്പോഴേക്കും അടുത്ത വാർത്ത വന്നിട്ടുണ്ടാകും. എന്നാൽ ദുരന്തത്തിനിരയായവരുടെ വേണ്ടപ്പെട്ടവരുടെ വേദനകൾ അത്രവേഗം മായില്ലല്ലോ. മറക്കാൻ ശ്രമിച്ചാലും ഇത്തരം വീഡിയോകൾ അവരിൽ മാനസികാഘാതം സൃഷ്ടിച്ചുകൊണ്ട് സാമൂഹ്യമാധ്യമങ്ങളിൽ കറങ്ങിക്കൊണ്ടിരിക്കും.

അതുകൊണ്ടുതന്നെ ഇത്തരം മാനസിക പീഡനം ഏൽപിക്കുന്ന, മൃതശരീരങ്ങളോട് പോലും അനാദരവ് കാണിക്കുന്ന ദൃശ്യങ്ങൾ പുറത്തുവിടുന്നവർക്കെതിരെ ശക്തമായ നിയമനടപടിയെടുക്കൽ അനിവാര്യമാണ്. അന്യരുടെ രഹസ്യജീവിതത്തിലേക്ക് ഒളിഞ്ഞുനോക്കുന്നതും അഭിമാനത്തിന് ക്ഷതമേൽപിക്കുന്നതും വേദനകളെ സ്വന്തം നേട്ടത്തിന് ഉപയോഗിക്കുന്നതും ഇസ്‌ലാം വിലക്കിയ കാര്യമാണ്. അതിനാൽ വിശ്വാസികളിൽ ആരും ഇത്തരം അരുതായ്മകൾ ചെയ്യുന്നവരായിക്കൂടാ.



Printed Published & owned by K Sajjad and printed at Sprint Offset Printers Kozhikide-19 & published at Kozhikode-02. Editor: Usman Palakkazhi




GET IT ON Google Play

Download on the App Store

**പീസ് റേഡിയോക്കുള്ള താങ്കളുടെ ഓഹരി അയക്കാൻ**

| | |
|---|---|
| A/C No. | **918010068641992** |
| A/C Name | WISDOM ISLAMIC ORGANIZATION COMMUNICATION WING |
| IFSC Code | UTIB0000136 |
| Bank | AXIS BANK LTD CALICUT BRANCH |

FOR RECEIPTS AND MORE DETAILS CONTACT:
+91 9746 95 0006 (WHATSAPP ONLY)

**UPI ID** fcbiztvnx4y@freecharge

റേഡിയോ ആപ്പിന്റെ ഹോം പേജിലെ **Donate** ബട്ടൺ പ്രസ് ചെയ്താൽ ലഭിക്കുന്ന വിൻഡോയിൽ നിന്നും **DONATE VIA UPI** എന്ന ഓപ്ഷൻ വഴി നേരിട്ട് പണമയക്കാനുള്ള പ്രത്യേക സംവിധാനം

Scan with any UPI App

BHIM UPI

GooglePay Paytm

RNI NO:KERMAL/2015/64152
Registered NO:
KL/CT/225/2025-27

Nerpatham Weekly
Published on 20 June 2026
Posting at RMS Kozhikode

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2025-27
Price: `10/-

# മദ്റസ ലൈബ്രറികൾക്ക്

## വിസ്ഡം ബുക്സിന്റെ വമ്പിച്ച ഓഫർ

മദ്റസ വിദ്യാർത്ഥികൾക്ക് അനുയോജ്യമായ
വിസ്ഡം ബുക്സ് പ്രസിദ്ധീകരിച്ച

**4090**
രൂപ വരുന്ന
**35**
പുസ്തകങ്ങൾ

**2500**
രൂപക്ക്

വിസ്ഡം മദ്റസ ലൈബ്രറികൾക്ക്
**ഓഫറിൽ നൽകുന്നു**

ഈ സുവർണ്ണാവസരം പരമാവധി ഉപയോഗപ്പെടുത്തുക.

WISDOM BOOKS

7356766478